V. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരനടപടികളും

(1) 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആദ്യമായി ഇങ്ങനെയൊരു ബിൽകൊണ്ടുവന്ന എൽ.ഡി.എഫ്. ഗവൺമെന്റിനെയും ഇത് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും അഭിനന്ദിക്കുകയാണ്. കാരണം, പൊതുവേ കന്നുകാലി വികസനമെന്നുപറയുമ്പോൾ നമ്മുടെ ഇടയിലുള്ള ധാരണ പാലും പാലുൽപ്പന്നങ്ങളും വർദ്ധിപ്പിക്കുക എന്നുള്ളത് മാത്രമാണ്, പക്ഷെ അതിലും പ്രധാനമാണ് കന്നുകാലി വർദ്ധനവെന്നുപറയുന്നത്. കൃഷിയുടെ വളർച്ചയ്ക്കുവേണ്ടിയുള്ള പ്രധാനപ്പെട്ട കാര്യമാണ് കന്നുകാലി വളർത്തലെന്ന് കാണാൻ കഴിയും. അതിൽ മണ്ണിന്റെ ജലാംശം നിലനിറുത്താനും ഫലഭൂയിഷ്ഠത സംരക്ഷിക്കുന്നതിനും കന്നുകാലിവളർത്തൽ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. രാജ്യത്തെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 7 ശതമാനവും കാർഷിക വരുമാനത്തിന്റെ 25 ശതമാനവും കന്നുകാലി സമ്പത്തിൽനിന്നാണ് ലഭിക്കുന്നത്. ആഗോള കന്നുകാലി സമ്പത്തിന്റെ 14 ശതമാനം ഇന്ത്യ സംഭാവന ചെയ്യുന്നുണ്ട്. പാലുൽപാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. ഈ ബിൽ കൊണ്ടുവന്ന് ഇവിടെ പാലുൽപ്പാദനം വർദ്ധിപ്പിക്കാനും കന്നുകാലികളെ സംരക്ഷിക്കാനുംവേണ്ടി ആലോചിക്കുമ്പോൾ തന്നെ നമുക്കുനേരെ വരുന്ന ഏറ്റവും വലിയ ഒരു ഭീഷണി ശ്രീ. ഒബാമ വന്ന് ഒപ്പിട്ട കരാറിന്റെ ഭാഗമായി അമേരിക്കയിൽ നിന്ന് പാൽ ഇറക്കുമതി ചെയ്യാനുള്ള തീരുമാനമാണ്. കേവലം പാൽ മാത്രമല്ല, പാലും ഇതര ഉൽപ്പന്നങ്ങളുമാണ് ഇവിടെ വരുന്നത്. ഇങ്ങനെ വരുമ്പോൾ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് വിപണി നഷ്ടപ്പെടുകയും ലക്ഷക്കണക്കായ കുടുംബങ്ങൾ അനാഥമാകുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. നമ്മൾ ഈ രംഗത്ത് വലിയൊരു പ്രതിസന്ധി നേരിടാൻ പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രതിസന്ധികൂടി കണ്ടുകൊണ്ട് അതിനെതിരെയുള്ള പ്രതിരോധം തീർത്തു കൊണ്ടുമാത്രമേ നമ്മുടെ ഈ ബില്ലിലെ ആശയങ്ങൾ വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. തമിഴ്നാട്, കേരളം, മഹാരാഷ്ട്ര, യു.പി., കർണ്ണാടക, പഞ്ചാബ് ഈ മേഖലകളിലാണ് കന്നുകാലി സമ്പത്തിന്റെ 60 ശതമാനവും വഹിക്കുന്നതെന്ന് കാണാൻ കഴിയും. അപ്പോൾ അതിൽ കേരളത്തിന് പ്രധാനപ്പെട്ട സ്ഥാനം തന്നെയുണ്ട്. പക്ഷേ കേരളത്തിന്റെ ജീവിത രീതിയിൽവന്ന ഒരു മാറ്റം ഇന്ന് കന്നുകാലികളെ സംരക്ഷിക്കുന്നതിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണത്തിന് ഇന്ന് കേരളത്തിൽ വ്യാപകമായി കാണാൻ സാധിക്കുന്നത് അണുകുടുംബമാണ്. കൂട്ടുകുടുംബമുണ്ടായ സന്ദർഭത്തിൽ ആചാരത്തിന്റെ ഭാഗമായും വിശ്വാസത്തിന്റെ ഭാഗമായും കന്നുകാലി വളർത്തൽ കേരളത്തിലുണ്ടായിരുന്നു. നേരം പുലരുമ്പോൾതന്നെ കന്നുകാലികളെ കണികണ്ടുണരുന്നതിനും അതുപോലെതന്നെ ഐശ്വര്യത്തിന്റെ ഭാഗമായും വളർത്തുന്ന അവസ്ഥയുണ്ടായിരുന്നു. അണുകുടുംബം വന്നതോടുകൂടി അതിന് സാധിക്കുന്നില്ല. കാരണം ഇതിനെ 24 മണിക്കൂറും പരിചരിക്കണം, ശ്രദ്ധയുണ്ടാകണം. അതുകൊണ്ടാണ് ഇത് ഉപേക്ഷിക്കപ്പെട്ടത്. കന്നുകാലി വളർത്തൽ പുനഃസ്ഥാപിക്കണമെങ്കിൽ ഈ ഗവേഷണങ്ങളൊടൊപ്പംതന്നെ ഇതിന്റെ ഉൽപ്പാദന രീതിയിൽ കൂട്ടുസംരംഭമെന്ന രൂപത്തിൽ സഹകരണ പ്രസ്ഥാനത്തെയും കുടുംബശ്രീ പ്രസ്ഥാനത്തെയുമൊക്കെ വികസിപ്പിച്ചാലേ ഗവേഷണ ഫലത്തെ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ. അണുകുടുംബം വന്നതോടുകൂടി ഓരോ വർഷം കഴിയുന്തോറും കന്നുകാലി സമ്പത്ത് കേരളത്തിൽ കുറയുകയാണ്. 1996-ൽ 34 ലക്ഷം ഉണ്ടായിരുന്നത് 17 ലക്ഷമായി ചുരുങ്ങിയതായിട്ടാണ് കാണാൻ കഴിയുന്നത്. പക്ഷേ പാലുൽപ്പാദനത്തിൽ നമ്മൾ മുന്നോട്ട് പോകുന്നുണ്ട്. സങ്കരയിനം പശുക്കളുടെ ഉൽപ്പാദനക്ഷമതവച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. പക്ഷേ സങ്കരയിനം പശുക്കളുടെ പാലുൽപ്പാദനത്തിലും കുറവ് വന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ആ കുറവ് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും ബാധിക്കുന്നുണ്ട്. ആളോഹരി പാലിന്റെ വിഹിതത്തിലും കുറവ് വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ആളോഹരി ഇന്ത്യൻ പാലിൽ 2.42 ശതമാനം കാണുമ്പോൾ ഇവിടെ അത് 2.1 ശതമാനമായി കുറഞ്ഞിട്ടുണ്ടെന്ന് കാണാൻ കഴിയും. ഇന്ത്യയിൽ ആളോഹരി പാലുൽപ്പാദനം 252 ഗ്രാം ആയാണ് കാണുന്നത്. കേരളത്തിൽ അത് 182 ഗ്രാമാണ്. പാലിന്റെ ആളോഹരി ഉപഭോഗം കേരളത്തിൽ കുറയുന്നുണ്ട്. അതുപോലെതന്നെ ഉൽപ്പാദന ക്ഷമതയുടെ കാര്യത്തിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയിലൂടെ നമുക്ക് എത്രത്തോളം എത്താൻ കഴിയും എന്നതാണ് നോക്കേണ്ടത്. ലോക ശരാശരി 2038 കിലോഗ്രാമാകുമ്പോൾ കേരളത്തിൽ 987 കിലോഗ്രാം മാത്രമേയുള്ളൂ. അപ്പോൾ ലോകത്തിന്റെ ശരാശരിയോടൊപ്പമെത്തണമെങ്കിൽതന്നെ നമ്മൾ വലിയ പ്രയത്നം സംഘടിപ്പിക്കേണ്ടതുണ്ട്. കേരളത്തിലെ പാലുൽപ്പാദനത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. സഹകരണ പ്രസ്ഥാനങ്ങളെ കൂടുതൽ സംഘടിപ്പിച്ചുകൊണ്ട് പാലുൽപ്പാദനം മെച്ചപ്പെടുത്താനാവശ്യമായ നിലയിലേക്ക് നമുക്കിതിനെ കൂട്ടിയോജിപ്പിക്കേണ്ടതുണ്ട്. ഇന്ന് സാധാരണ ഗതിയിലുള്ള പ്രജനന രീതിയല്ല, ബീജസങ്കലനം മൂലമാണ് പൊതുവേ പുതിയ ഇനം കന്നുകാലികളെ മെച്ചപ്പെടുത്തിയെടുക്കുന്നത്. ഇതിലും നമ്മൾ പിറകിലാണ്. ഒരു സർവ്വകലാശാല സ്ഥാപിക്കുമ്പോൾ ഗവേഷണരംഗത്തെ പ്രധാനപ്പെട്ട വെല്ലുവിളിയായി തന്നെ സ്വീകരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് കേരളത്തിൽ ഇന്ന് മൂന്നും നാലും തവണ ബീജദാനം നടത്തിയാൽ മാത്രമാണ് സാധാരണ ഗതിയിൽ ഒരു പശുവിൽ ഗർഭധാരണത്തിനുള്ള വഴിയൊരുങ്ങുന്നത്. ഇങ്ങനെ നാലുതവണ വരുമ്പോൾ നാലുമാസം അങ്ങനെപോയി. അപ്പോൾ ഒരു കറവ വറ്റുന്നതിനിടയിലുള്ള ഈ നാലുമാസമെന്ന് പറയുന്നത് കൃഷിക്കാരെ സംബന്ധിച്ച് വലുതാണ്. ഇങ്ങനെ ചെയ്താൽ തന്നെ 20 ശതമാനം ബീജം മാത്രമേ ഗർഭധാരണമാക്കാൻ കഴിയുകയുള്ളൂ. അപ്പോൾ നമ്മുടെ ഗവേഷണം വളരെ പുറകിലാണെന്ന് കാണാൻ കഴിയും. എന്നാൽ ലോകത്ത് 60 ശതമാനം ബീജം വരെ ഗർഭധാരണത്തിന് വഴിയൊരുക്കുന്നുവെന്നുള്ളതാണ് വസ്തുത. അപ്പോൾ ഇതിൽ ഗവേഷണരംഗത്ത് കുറച്ചുകൂടി ശ്രദ്ധയുണ്ടാക്കുന്ന വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. അതുപോലെ തന്നെ ഇന്നത്തെ ഗവേഷണം കുറേക്കൂടി ഫലപ്രദമായാലേ ഒരു കിടാവിനെ ഉൽപ്പാദിപ്പിക്കാനുള്ള പ്രക്രിയ വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. പാലിന്റെ കാര്യത്തിൽ മാത്രമല്ല, ഇപ്പോൾ കേരളത്തിലെ മുട്ടയുടെ ക്ഷാമത്തെക്കുറിച്ച് വലിയ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ലോകശരാശരി അനുസരിച്ച് 147 മുട്ടയും 11 കിലോഗ്രാം കോഴിയിറച്ചിയും ഒരാൾക്കുണ്ടെന്നാണ് കണക്കാക്കുന്നത്. പക്ഷേ, ഇവിടത്തെ മുട്ട ഉൽപ്പാദനം കേവലം 41-ഉം കോഴിയിറച്ചി കേവലം 900 ഗ്രാമും മാത്രമാണ്. കോഴിയുൽപ്പാദനത്തിൽ പുതിയ രീതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. എന്റെ ഒരു അനുഭവം പറയുകയാണെങ്കിൽ എന്റെ മണ്ഡലത്തിൽ 1000 വീടുകൾക്ക് കോഴി കൊടുക്കുന്ന ഒരു പദ്ധതി ഉണ്ടാക്കി. അതിൽ കോഴി കൊണ്ടുപോയ ഒരു പ്രദേശത്തെ ആളുകളെ ഞങ്ങൾ വീണ്ടും വിളിച്ചുചേർത്തു. അവർ അവരുടെ അനുഭവങ്ങൾ വിശദീകരിച്ചു. അതിലൊരു പുതിയ അനുഭവം എന്ന രൂപത്തിൽ നമുക്ക് പഠിക്കാൻ കഴിയുന്നത്, കൊതുകു നശീകരണത്തിനുവേണ്ടി ഗ്രാമപഞ്ചായത്തുകളിൽ വലിയ തുകയാണ് ചെലവഴിക്കുന്നത്. കൊതുകിനെ നശിപ്പിക്കാൻ ഇപ്പോൾ ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന പ്രചാരവേലയാണ് ഡ്രൈ ഡേ ആചരിക്കുകയെന്നുള്ളത്. ചിരട്ട കമിഴ്ത്തിയും ഷൂസ്സ് കമഴ്ത്തിയും വെള്ളം കെട്ടിനിൽക്കുന്ന ഇലകളുണ്ടെങ്കിൽ അത് തുത്തുവാരി കരിച്ചും കൊതുക് മുട്ടകളെ നശിപ്പിക്കാം. പാത്രങ്ങൾ കഴുകുന്ന സ്ഥലത്തുണ്ടാകുന്ന അഴുക്കുവെള്ളത്തിൽ കൊതുക് മുട്ടയിടും. ഇതൊക്കെ പ്രതിരോധിക്കാൻ മണ്ണെണ്ണ ഒഴിക്കലാണ് മാർഗ്ഗമെന്ന രൂപത്തിലാണ് പഠിപ്പിക്കുന്നത്. പക്ഷേ, ഈ വീട്ടുകാരൊക്കെ പറഞ്ഞ ഒരു സംഭവമുണ്ട്. ഈ കോഴികളെ രാവിലെ ആറ് മണിക്ക് തുറന്നുവിട്ടാൽ വൈകുന്നേരം ആറുമണിവരെ 12 മണിക്കൂർ ഇവ തുറസ്സായ സ്ഥലങ്ങളിൽ സഞ്ചരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സന്ദർഭത്തിൽ എവിടെയൊക്കെ ചപ്പുചവറുകൾ ഉണ്ടോ അതെല്ലാം അവർ ഇളക്കിക്കൊണ്ടിരിക്കും. എവിടെയൊക്കെ അഴുക്കുവെള്ളം കെട്ടിക്കിടക്കുന്നുണ്ടോ അത് ഇളക്കിക്കൊണ്ടിരിക്കും. അതിനാൽ കൊതുകിന്റെ മുട്ടയ്ക്ക് വളരാനുള്ള സൗകര്യം ഉണ്ടാകുന്നില്ല. അതുപോലെ പകൽ സമയത്ത് സഞ്ചരിക്കുന്ന കീടങ്ങളെ ഇതൊക്കെ കൊത്തിത്തിന്നും. അപ്പോൾ കൊതുകിനെ നശിപ്പിക്കാൻ, കൊതുകിനെ പ്രതിരോധിക്കാൻ സാധിക്കുന്ന ഒരു പ്രധാനപ്പെട്ട ഉപാധിയാണ് കോഴി വളർത്തൽ എന്ന് അനുഭവമുള്ളവർ പറയുകയാണ്. ഇന്ന് നമ്മൾ മറ്റൊരു രൂപത്തിൽ ആ പണം ചെലവഴിക്കുന്നു. കേരളത്തിന്റെ മൊത്തം കണക്കെടുത്തു നോക്കിയാൽ കൊതുക് തിരിക്കുവേണ്ടി കോടാനുകോടി രൂപയാണ് ചെലവഴിക്കുന്നത്. അപ്പോൾ കോഴി വളർത്തുന്നതിൽ ശാസ്ത്രീയതയുണ്ട്. മണ്ണിനെ ഫലഭൂയിഷ്ഠമാക്കുന്നതിൽ കോഴി വളർത്തൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. നിരന്തരമായി മണ്ണിനെ ഇളക്കുന്നതുകൊണ്ട് ചിതൽ ശല്യവും പരിപൂർണ്ണമായി നഷ്ടപ്പെടും. അതിനാൽ കാർഷികമേഖലയിൽ നമ്മുടെ മണ്ണിന്റെ ഘടനയെ സംരക്ഷിക്കുന്നതിൽ കോഴിവളർത്തൽ വളരെ പ്രധാനപ്പെട്ട ഒരു മാർഗ്ഗമാണെന്ന് അനുഭവമുള്ളവർ പറയുന്നു. പ്രധാനമായും പറമ്പുകളിൽ ഉണ്ടായിരുന്ന ചെറിയ ചെറിയ ചെടികളെല്ലാം അത് കൊത്തിത്തിന്നുന്നുണ്ടെന്നാണ് അവർ പറയുന്നത്. അതിനാൽ കൊതുക് അടയിരിക്കുന്നതും കൊതുക് പെരുകുന്നതും ഇല്ലാതാക്കുവാൻ കഴിയും. ഇങ്ങനെ ഒട്ടേറെ പ്രത്യേകതകൾ കോഴി വളർത്തലിൽ കാണാൻ കഴിയും. മുട്ട ഉൽപ്പാദനത്തിൽ കോഴി മാത്രമല്ല. താറാവിന്റെ കാര്യത്തിലും കേരളത്തിൽ ഗവേഷണം നടക്കുന്നുണ്ട്. പക്ഷേ താറാവിനെ ഇന്നുകാണുന്നത് ശുദ്ധജലത്തിൽ മാത്രമാണ്. നമ്മുടെ ഗവേഷണത്തിൽ ആറു മാസക്കാലം മഴകിട്ടുമ്പോൾ ശുദ്ധജലം കെട്ടിനിൽക്കുന്ന ധാരാളം പ്രദേശങ്ങൾ കേരളത്തിലുണ്ട്. ആറുമാസക്കാലം കൊണ്ട് താറാവ് വളർന്ന് മുട്ടയിടുമെന്നാണ് പറയുന്നത്. അത്തരം താറാവുകളുടെ മാംസം ഉപയോഗിക്കാനും കഴിയും. അങ്ങനെയൊരു പദ്ധതി ആവിഷ്ക്കരിക്കാവുന്ന രീതിയിലേയ്ക്ക് ഈ ഗവേഷണം മാറ്റേണ്ടതുണ്ട്. ഓരുജലത്തിൽ കഠിനമായ ഉപ്പുവരുന്നതിനു മുമ്പുള്ള 9 മാസം ജലത്തിൽ ലവണാംശം കുറഞ്ഞ് നിൽക്കുന്ന കാലഘട്ടമാണ്. അങ്ങനെ ഒൻപത് മാസം വരെ കർഷകർക്ക് കിട്ടുന്ന ധാരാളം പ്രദേശങ്ങൾ കേരളത്തിലുണ്ട്. ഇപ്പോൾ ഓരുജലങ്ങളിൽ വളർത്താൻ കഴിയുന്ന താറാവുകളെ കണ്ടെത്തിയിട്ടുണ്ടെന്നാണ്പറയുന്നത്. അങ്ങനെ കണ്ടെത്താൻ കഴിഞ്ഞാൽ തെക്കൻ കേരളത്തിലെ താറാവ് കൃഷി വടക്കൻ കേരളത്തിലേക്കുകൂടി വ്യാപിപ്പിക്കാൻ കഴിയും. ഇക്കാര്യത്തിൽ വലിയ സാധ്യതയാണുള്ളത്. അങ്ങനെ ഈ ഗവേഷണത്തിനും പ്രത്യേകം പ്രാധാന്യം നൽകാൻ സാധിക്കേണ്ടതുണ്ട്.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:</u> സർ, നമ്മുടെ ഗവേഷണ പ്രധാന്യമുള്ള മറ്റൊരു വിഷയം, കന്നുകാലിയായാലും കോഴിയായാലും താറാവായാലും അതിന് ആഹാരം വളരെ പ്രധാനപ്പെട്ടതാണ്. പ്രത്യേകിച്ച് കന്നുകാലികൾക്ക് കൊടുക്കുന്ന ആഹാരം ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറി കേരളത്തിലില്ല. അപ്പോൾ കേരളത്തിന് അനുയോജ്യമായിട്ടുള്ള രീതിയിൽ ഒരു ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്ന കാര്യംകൂടി ഈ ഗവേഷണത്തോടൊപ്പം ഉൾപ്പെടുത്താൻ കഴിയുമെന്ന് അങ്ങ് വിചാരിക്കുന്നുണ്ടോ?

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, അത് ഇതിൽ വരുന്നുണ്ട്. ഞാൻ ആ ഭാഗത്തെത്തയ്ക്ക് വരുന്നുണ്ട്. കേരളത്തിൽ തീറ്റയുടെ ഉൽപ്പാദനം വളരെ പ്രധാനപ്പെട്ടതാണ്. തീറ്റയുടെ ഉൽപ്പാദനത്തെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ ഒരു നിർദ്ദേശം വച്ചു. ഉദാഹരണത്തിന് പുതിയ കൊയ്ത്ത് യന്ത്രം വന്നതോടുകൂടി പുല്ല് നഷ്ടപ്പെടുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. അപ്പോൾ വയ്ക്കോൽ വീണ്ടെടുക്കുന്നതിനുവേണ്ടിയുള്ള പുതിയ കണ്ടുപിടുത്തങ്ങൾ ലോകം ഇപ്പോൾ നടത്തിക്കഴിഞ്ഞു. യന്ത്രങ്ങൾ ഉപയോഗിച്ച് കൊയ്തെടുക്കുമ്പോൾ നിലത്ത് മുറിഞ്ഞു വീഴുന്ന വയ്ക്കോൽ മുഴുവനും പ്രത്യേക രീതിയിൽ യന്ത്രങ്ങൾ കൊണ്ടുതന്നെ സംഭരിച്ച് അതിനെ പാക്ക് ചെയ്ത് കന്നുകാലികൾക്ക് ഭക്ഷ്യവസ്തുക്കളാക്കി മാറ്റാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. പക്ഷേ, നമുക്ക് ആ സംവിധാനം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ മരിച്ചീനി കൃഷിയിൽ നിന്ന് വിവിധ രൂപത്തിൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. മരിച്ചീനി ഇലയിൽ നിന്ന് കീടനാശിനി ഉൽപ്പാദിപ്പിക്കാമെന്ന പുതിയൊരു കണ്ടുപിടിത്തത്തിന്റെ വാർത്ത കൂടി വന്നിട്ടുണ്ട്. അപ്പോൾ മരിച്ചീനി ഉൽപ്പാദനത്തിന് പ്രാധാന്യം കൂടും. കിഴങ്ങിനു മാത്രമല്ല, ഇലയ്ക്കും വിലകിട്ടുന്ന അവസ്ഥ വരാൻ പോവുകയാണ്. അങ്ങനെയും ചില ഭാഗങ്ങളിൽ ചർച്ച ചെയ്യുന്നുണ്ട്. ലക്ഷ്യങ്ങളിലേക്ക് പോകുമ്പോൾ ചില കാര്യങ്ങൾ എടുത്തുപറയുന്നുണ്ട്. പക്ഷേ, ഈ പരിക്ഷണത്തിൽ എടുത്തുപറയേണ്ടതായി ഞാൻ കാണുന്നത്, മൃഗങ്ങളേയും വളർത്തുമൃഗങ്ങളേയും എന്ന് പറയുന്നതിനോടൊപ്പം തന്നെ കീടങ്ങളെ, അതായത് മിത്ര ശത്രു കീടങ്ങളുണ്ട്. മിത്രകീടങ്ങളെ ഉപയോഗിച്ച് ശത്രുകീടങ്ങളെ നശിപ്പിക്കാൻ കഴിയുമെന്ന് ഇപ്പോൾ തന്നെ തെളിയിച്ചതാണ്. അത് ഈ ബില്ലിൽ ഉൾപ്പെടുത്തി മിത്രകീടങ്ങളെ വികസിപ്പിച്ചെടുക്കുവാനുള്ള പരീക്ഷണങ്ങൾ ഈ ബില്ലിന്റെ ലക്ഷ്യങ്ങളിൽ ചേർക്കേണ്ടതുണ്ട്; അത് ചേർത്തിട്ടില്ല. അതുപോലെ അയവിറക്കുന്ന മൃഗങ്ങളെന്നാണ് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. അയവിറക്കുന്ന മൃഗത്തിൽ പട്ടി ഉൾപ്പെടുകയില്ല. പട്ടി അയവിറക്കുന്നതല്ല. പക്ഷേ കേരളത്തിലെ നായ വളർത്തലിനെക്കുറിച്ച് പറയുന്ന വ്യത്യസ്ത വീക്ഷണങ്ങളുണ്ട്. പശുവിനെ വളർത്താൻ കഴിയുന്ന സ്ഥലത്തുപോലും പട്ടിയെ വളർത്തുകയാണെന്ന ആക്ഷേപമൊക്കെയുണ്ട്. പക്ഷേ, അത് പൂർവ്വികരായവരുടെ സാമൂഹ്യ ബോധവുമായി ബന്ധപ്പെട്ടതാണ്. പക്ഷേ, കേരളത്തിൽ പട്ടി വളർത്തൽ വളരെ പ്രധാനമാണ്. ഞാൻ ഈയിടെ ഒരു പ്രദർശനത്തിന് പോയപ്പോൾ ഒരു പട്ടിക്ക് രണ്ടേകാലും രണ്ടരയും ലക്ഷം രൂപ വിലയെന്നാണ് അവർ പറയുന്നത്. ഇതിനുവേണ്ടി ആ വീട്ടുകാർ അങ്ങേയറ്റം താൽപ്പര്യപൂർവ്വമാണ് പണം ചെലവഴിക്കുന്നത്. അതിന് പ്രത്യേക രൂപത്തിലുള്ള ബിസ്ക്കറ്റ്, ടോണിക് ഇതൊക്കെയാണ് കൊടുക്കുന്നത്. ഈ പട്ടി പ്രസവിച്ചുകഴിഞ്ഞാൽ ഒരു പട്ടികുഞ്ഞിന്റെ വിലയെന്നു പറയുന്നത് അഞ്ച് പശുവിന്റെ വിലയാണ്. കാരണം, കേരളത്തിൽ ഒരു വിഭാഗത്തിന് അത് വേണം. അപ്പോൾ അയവിറക്കാത്ത ഗണത്തിൽപ്പെടുന്ന പട്ടിയെക്കൂടി ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്താൻ ശ്രമിക്കണം. അതുപോലെ തന്നെ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ ഇപ്പോൾ പുതിയ രൂപത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടുള്ള ഗവേഷണങ്ങളും കാര്യങ്ങളുമൊക്കെ പറയുന്നുണ്ട്. പക്ഷേ ഗവേഷണത്തിൽ കന്നുകാലികളുടെ അല്ലെങ്കിൽ ഏതു വളർത്തു മൃഗങ്ങളുടെ ആയാലും രോഗപ്രതിരോധത്തിന് അനേക വർഷങ്ങളായി മനുഷ്യൻ സ്വീകരിച്ച ഒട്ടേറെ മാർഗ്ഗങ്ങളുണ്ട്. അതായത് നാട്ടറിവുകളാണ്. അപ്പോൾ ഈ നാട്ടറിവുകളെ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥ നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ തന്നെ ചേർക്കണം. കോട്ടയ്ക്കൽ ആര്യ വൈദ്യശാലയിൽ കുറച്ചുവർഷങ്ങൾക്കുമുമ്പ് ആന ചികിത്സയുടെ ഭാഗമായി വിപുലമായ ഒരു സെമിനാർ നടന്നു. അതിന്റെ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലൂടെ ഒരുപാട് അറിവുകളാണ് ലഭിക്കുന്നത്. പലപ്പോഴും ഇന്നത്തെ വെറ്ററിനറി ഡോക്ടർമാരെ സമീപിച്ചാൽ ഒരു പശുവിന്റെ അസുഖം മാറ്റാൻ കഴിയാതിരിക്കുമ്പോൾ നാട്ടറിവുകൾ കൊണ്ട് മാറ്റാൻ സാധിക്കുന്നുണ്ട്. ഈ നാട്ടറിവുകളെന്ന് പറയുന്നത് ഇന്നത്തെ ആയുർവ്വേദ ചികിത്സ പോലെ തന്നെയാണ്. അപ്പോൾ അത് സംരക്ഷിക്കുണതിനുള്ള ഒരു പ്രത്യേക പദ്ധതി കേരളത്തിലുണ്ടാവണം. കാരണം അത് കേരളത്തിന്റെ മാത്രം സമ്പത്താണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഈ ബില്ലിന്റെ ഭാഗമായി ഉൾക്കൊള്ളിക്കാൻ കഴിയണം. പിന്നെയുള്ളത് ഇന്നത്തെ കാർഷിക സർവ്വകലാശാലയിലെ കുറച്ച് കാര്യങ്ങൾ എടുത്തുകൊണ്ടാണ് ഈ സർവ്വകലാശാല രൂപീകരിക്കുന്നത്. പൂക്കോടാണ് ഇതിന്റെ ആസ്ഥാനമെന്ന് പറയുന്നുണ്ട്. പക്ഷേ, പൂക്കോട് വെറ്ററിനറി കോളേജ് എന്ന് പറയുന്നതുതന്നെയാണ് കൂടുതൽ വ്യക്തമായിട്ടുള്ളത്. കാരണം, പൂക്കോട് എന്ന് പറയുമ്പോൾ ഒരുപാട് പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. അപ്പോൾ അങ്ങനെ വ്യാഖ്യാനിക്കാതിരിക്കാനോ, ദുർവ്യാഖ്യാനിക്കാതിരിക്കുവാനോ പൂക്കോട് വെറ്ററിനറി കോളേജ് എന്നുപറയുന്നതാണ് നല്ലത്. ഇന്ന് ഈ കാർഷിക സർവ്വകലാശാലയുടെ വിവിധ ഭാഗങ്ങളാണ് ഈ സർവ്വകലാശാലയിൽ ഉൾക്കൊള്ളിക്കാൻ തീരുമാനിക്കുന്നത്. അതെല്ലാം ഇതിൽ പറഞ്ഞിട്ടുണ്ട്. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. പക്ഷേ, ഇപ്പോൾ കേരളത്തിൽ മാഹിയിൽ അടക്കം കാർഷിക സർവ്വകലാശായുടെ ഓരോ യൂണിറ്റുകളും വരികയാണ്. അപ്പോൾ ഒരു യൂണിറ്റെടുക്കുമ്പോൾ ആ യൂണിറ്റ് നിൽക്കുന്ന സ്ഥലങ്ങളുണ്ട്. ഈ സ്ഥലങ്ങൾ എങ്ങനെയാണ് നിർണ്ണയിക്കുന്നതെന്ന് വ്യക്തത വരുത്തുന്നില്ലെങ്കിൽ കാർഷിക സർവ്വകലാശാലയും വെറ്ററിനറി യൂണിവേഴ്സിറ്റിയും തമ്മിൽ വിവിധ രൂപത്തിലുള്ള തർക്കങ്ങൾ ഉണ്ടാവാനാണ് സാധ്യത. കാരണം, ഇപ്പോൾ തൃശ്ശൂരിൽത്തന്നെ വ്യത്യസ്ത സ്ഥലങ്ങളിലാണ് ഡിപ്പാർട്ടുമെന്റുകൾ കിടക്കുന്നത്. ഈ ഡിപ്പാർട്ടുമെന്റുകൾ എങ്ങനെയാണ് ഈ യൂണിവേഴ്സിറ്റിയുടെ കീഴിലേക്ക് കൊണ്ടുവരുന്നത്. അപ്പോൾ അതിന്റെ സ്ഥലം നിർണ്ണയിച്ചുകൊണ്ടുള്ള പ്രത്യേക തീരുമാനമെടുത്തില്ലെങ്കിൽ അത് ഒരു കാലത്ത് ഉദ്യോഗതലത്തിൽ തന്നെ ഉണ്ടാകാനിടയുള്ള തർക്കങ്ങൾ തീർക്കാൻ കഴിയാത്തവയായി നിൽക്കും. അപ്പോൾ സ്വന്തുക്കൾ എങ്ങനെ ഏറ്റെടുക്കണമെന്ന കാര്യം പറയാം. സർവ്വകലാശാല പരീക്ഷയുടെ കാര്യത്തിൽ ചില നിയമങ്ങളും നിബന്ധനകളും എഴുതിച്ചേർക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അഭിപ്രായം. പരീക്ഷ കൃത്യസമയത്ത് നടത്തുക എന്നത് ഒരു തരത്തിലും ഒഴിവാക്കാൻ പറ്റാത്ത കാര്യമാണ്. ഫലം പ്രസിദ്ധീകരിക്കുന്ന കാര്യത്തിലും സമയബന്ധിതമായി തീരുമാനമെടുക്കണം. പരീക്ഷ എഴുതി ക്കഴിഞ്ഞാൽ ആദ്യത്തെ രണ്ട് മാസത്തിനകം ഫലം പ്രസിദ്ധീകരിക്കണമെന്ന കാര്യത്തിൽ ഉറച്ച തീരുമാനമുണ്ടാകണം. ഞാൻ കഴിഞ്ഞ ദിവസം ഫിഷറീസ് സർവ്വകലാശാലയുടെ ഭേദഗതിയിൽ ഇത് പറഞ്ഞു. ഇന്ന് കേരള ത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും പരീക്ഷ എഴുതിക്കഴിഞ്ഞാൽ ചിലപ്പോൾ കുട്ടമായി തോൽപ്പിക്കുന്ന അവസ്ഥപോലും കാണാൻ സാധിക്കും. എത്ര ക്രൂരമായിട്ടാണ് ഇങ്ങനെയുള്ള കൃത്യങ്ങൾ ചെയ്യുന്നതെന്ന് പരീക്ഷ പേപ്പർ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കുന്നില്ല. അപ്പോൾ റീ-വാല്യൂവേഷന് ആവശ്യപ്പെടുകയാണ്. റീ-വാല്യൂവേഷന് ആവശ്യപ്പെട്ടു കഴിഞ്ഞാൽ അഞ്ചും എട്ടും മാസമല്ല, ഒരു കൊല്ലം കാത്തിരുന്നാലും റിസൽട്ട് കിട്ടുന്നില്ല. അതിനിടയിൽ ഈ കുട്ടി പരീക്ഷയ്ക്ക് പോയില്ലെങ്കിൽ പരീക്ഷ എഴുതേണ്ട ചാൻസും പോകും. റീ-വാല്യൂവേഷൻ റിസൽട്ട് കിട്ടാത്തതുകൊണ്ട് വീണ്ടും പരീക്ഷ എഴുതാൻ പോകുന്നു. പരീക്ഷയുടെ റിസൽട്ട് വരുമ്പോ ഴേയ്ക്കും റീ-വാല്യൂവേഷൻ റിപ്പോർട്ട് കിട്ടും, കുട്ടി അതിൽ ജയിച്ചിട്ടുണ്ട്. റീ-വാല്യൂവേഷന് ആവശ്യപ്പെട്ടാൽ ഒരു മാസത്തിനകം റീ-വാല്യൂവേഷൻ റിപ്പോർട്ട് കുട്ടിക്ക് ലഭിച്ചിരിക്കണം. അതുപോലെതന്നെ സാധാരണ ഗതിയിൽ പേപ്പർ നോക്കുന്നവരുടെ കഴിവ് പ്രകാരം കുട്ടികളുടെ മാർക്കിൽ വ്യത്യാസം വരാം. ചിലപ്പോൾ ഞങ്ങളൊക്കെ ട്രെയിനിൽ സഞ്ചരിക്കുമ്പോൾ, സാധാരണ ഞാൻ എ.സി.-യിൽ സഞ്ചരിക്കാറില്ല, പക്ഷേ പകൽ യാത്രകളിൽ ചിലപ്പോൾ കയറാറുണ്ട്. ചിലർ പരീക്ഷാ പേപ്പറുകൾ വണ്ടിയിൽ ഇരുന്ന് നോക്കുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. അവർ ഉത്തര പേപ്പറിൽ വെട്ടുന്നതും തിരുത്തുന്നതുമൊക്കെ കാണാം. ഉത്തര പേപ്പർ വളരെ അശ്രദ്ധ യായി കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് നിരവധി കുട്ടികൾ റീ-വാല്യൂവേഷനിൽ ജയിക്കാനുള്ള കാരണമെന്ന് കാണാൻ സാധിക്കും. റീ-വാല്യൂവേഷനിൽ കുട്ടിക്ക് 10 ശതമാനത്തിലധികം മാർക്ക് ലഭിക്കുന്ന അവസ്ഥയുണ്ടായാൽ പരിശോധിച്ച ആളിനെ കണ്ടുപിടിച്ച് നടപടിയെടുക്കുന്ന നിലയുണ്ടാകണം. പരീക്ഷകളെ സംബന്ധിച്ചിടത്തോളം കണിശമായ നിയമമുണ്ടാക്കണം. കേരളത്തിൽ ഇപ്പോൾ പരീക്ഷയെന്നുപറഞ്ഞാൽ പിള്ളേരുകളിയും തമാശയുംപോലെയുമാണ് നടക്കുന്നത്. അതുപോലെ ഇന്ന് പരീക്ഷ കഴിഞ്ഞാൽ ഉത്തര പേപ്പറുകൾ കുട്ടികൾക്ക് തിരിച്ചുകൊടുക്കുന്നതിൽ എന്താണ് തെറ്റുള്ളത്? അവരുടെ അറിവ് അവരുടെ അംഗീകാരം എന്ന രൂപത്തിൽ ലോകത്ത് പലയിടത്തും കൊടുക്കുന്നുണ്ടെന്നാണ് അറിയുന്നത്. ഉത്തര പേപ്പറുകൾ കൊടുക്കാനുള്ള നിയമമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാർഷിക സർവ്വകലാശാലയിലെ യൂണിറ്റുകൾ ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതിൽ സ്ഥാവര ജംഗമ വസ്തുക്കൾ എന്നുപറയുന്നുണ്ട്. സാധാരണ നിലയിൽ യൂണിവേഴ്സിറ്റിക്ക് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഭാഗമായിട്ടാണെങ്കിൽ അത് മതി. പക്ഷേ ഇവിടെ വിദ്യാഭ്യാസത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതിലാണ്, പരീക്ഷണത്തിന്റെ ഭാഗമായി കന്നുകാലി

LIBRARY ARCHIVES Kerala Legislative Assembly

സമ്പത്ത്, ആട്, കോഴി, താറാവ് എല്ലാം ഉണ്ട്. ഇത് മുഴുവനും പ്രത്യേകമായി എഴുതിച്ചേർക്കുന്നില്ലെങ്കിൽ ഇത് അനാഥമാകും. മാത്രമല്ല, ഇത് ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി ഏറ്റെടുക്കുമ്പോൾത്തന്നെ അതിന്റെ കന്നുകാലിസമ്പത്തും കോഴിയും താറാവും ആടും പന്നിയും അതിന്റെ ജീവനക്കാരെയുംകൂടി എറ്റെടുക്കുന്നത് പ്രത്യേകമായിത്തന്നെ ഇതിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. ആനയുടെ കാര്യം വനം വകുപ്പിന്റെ കീഴിലാണ് നടക്കുന്നത്. പക്ഷേ വനത്തിൽ നിന്ന് ഇറങ്ങിക്കഴിഞ്ഞാൽ അത് നാടിന്റെ സമ്പത്തായിട്ടാണ് മാറുന്നത്. കേരളത്തിലെ ആനയുടെ ചില പ്രത്യേകതകളുണ്ട്; ആന ഏറ്റവും നല്ല സൗന്ദര്യമുള്ള താണെന്നാണ് പറഞ്ഞുകേൾക്കുന്നത്. ഏറ്റവും കൂടുതൽ ആകർഷകമായി ആനയെ ഉപയോഗപ്പെടുത്തുന്നുണ്ട്, ആനകളെ ഏറ്റവും കൂടുതൽ ഉത്സവങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് കേരളത്തിലാണ്. ഇപ്പോൾ നിരവധി വിഷയങ്ങളാണ് നാട്ടാനകളെക്കുറിച്ച് വന്നുകൊണ്ടിരിക്കുന്നത്. പീഡനം രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയാത്ത അവസ്ഥ ഇങ്ങനെ വിവിധ കാര്യങ്ങളുണ്ട്. അപ്പോൾ അതിനാവശ്യമായ ഗവേഷണവും അതുപോലെ ആന സംരക്ഷണത്തിനാവശ്യമായ നാട്ടറിവ് ശേഖരണവും ഇവിടെ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇത്തരമൊരു യൂണിവേഴ്സിറ്റിയുണ്ടാക്കുന്ന സന്ദർഭത്തിൽ, ജീവനക്കാരുടെ കാര്യത്തിൽ ഒരു തീരുമാനമെടുക്കണം. കാർഷിക സർവ്വകലാശാലയിൽ ഇന്നുള്ള ജീവനക്കാരെ എടുക്കുക എന്നത് തന്നെയാണ് പ്രധാനമായും വരുന്നത്. കാർഷിക സർവ്വകലാശാലയിൽ ഇന്ന് ഫിഷറീസ് സർവ്വകലാശാല വന്നു, വെറ്ററിനറി സർവ്വകലാശാല വന്നു. ഇനി അവശേഷിക്കുന്നത് കാർഷിക സർവ്വകലാശാലയാണ്. ഇനി വീണ്ടും വേറെ സർവ്വകലാശാല വരുമോ എന്ന് എനിക്കറിയില്ല. നാളെ ഓരോന്നിനും ഓരോ യൂണിവേഴ്സിറ്റി വന്നുകഴിഞ്ഞാൽ കാർഷിക സർവ്വകലാശാല എന്നുപറയുന്നത് ഇല്ലാതെയാകും. കാർഷിക സർവ്വകലാശാല ഇന്ന് കേരളത്തിലെ നമ്പർ വൺ യൂണിവേഴ്സിറ്റിയാണെന്ന് അതിന്റെ വിസ്തൃതികൊണ്ടും വ്യാപനംകൊണ്ടും ഉള്ളടക്കം കൊണ്ടുമെല്ലാം കാണാൻ കഴിയും. കൃഷി വകുപ്പിന്റെ കീഴിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ പ്രത്യേക രൂപത്തിൽ അതിന്റെ സംരക്ഷണവും നിലനിൽപ്പും അതിന്റെ വളർച്ചയുംകൂടി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഇപ്പോൾ അവശേഷിക്കുന്ന കാർഷിക സർവ്വകലാശാലയ്ക്ക് ഇന്ന് അംഗീകരിക്കപ്പെട്ട നിയമപ്രകാരമുള്ള അധികാരങ്ങളുണ്ട്. പക്ഷേ ആ അധികാരങ്ങൾക്ക് ഇന്ന് വലിയ രൂപത്തിലുള്ള സമ്പത്താണ് നഷ്ടപ്പെട്ട് പോകുന്നത്. ഈ സമ്പത്തൊക്കെ നഷ്ടപ്പെടുമ്പോൾത്തന്നെ ഇന്ന് അവിടെ നൂറ്-നൂറ്റമ്പത് കോടി രൂപയുടെ ബാധ്യതയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ നിന്ന് എങ്ങനെ കരകയറാൻ കഴിയും? കാരണം അതിന്റെ കുറെ വരുമാന മാർഗ്ഗമെല്ലാം ഇങ്ങോട്ട് പോകുകയാണ്. അപ്പോൾ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് പോകും. പുതിയ യൂണിവേഴ്സിറ്റികൾ ഉണ്ടാകുമ്പോൾ നിലവിലുള്ള യൂണിവേഴ്സിറ്റികളെ സംരക്ഷിക്കുക എന്ന ബാധ്യതകൂടി ഗവൺമെന്റ് ഏറ്റെടുക്കേണ്ടതാണ്. ആ കാര്യം കൂടി ഗവൺമെന്റ് ഉൾക്കൊള്ളേണ്ടതുണ്ട്. ഇത്രയും കാര്യങ്ങളാണ് ഈ ചർച്ചയുടെ ഭാഗമായി എനിക്ക് അവതരിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ വെറ്ററിനറി തലത്തിൽക്കൂടി ഒരു സർവ്വകലാശാല വരികയാണ്. വയനാട്ടിലെ പൂക്കോട് കേന്ദ്രമായി ഒരു സർവ്വകലാശാല വരുമ്പോൾ, കേരളത്തിലെ കാർഷിക സർവ്വകലാശാലയുടെ കീഴിലുണ്ടായിരുന്ന ഇരുപതോളം സ്ഥാപനങ്ങളാണ് അതിലേയ്ക്ക് മാറുന്നത്. മാത്രമല്ല, ഇതുപോലെയുള്ള ഒരു സർവ്വകലാശാല കേരളത്തിലുണ്ടാക്കുന്ന ഘട്ടത്തിൽ നിലവിൽ ഒരു യൂണിവേഴ്സിറ്റിയുടെ ഭാഗമായി പ്രവർത്തിക്കുകയും ആ പ്രവർത്തനത്തിൽ വളരെ പ്രധാനപ്പെട്ട സംഭാവനകളൊന്നും നാടിന് ഇതുവരെ സമർപ്പിക്കാൻ കഴിയാതെ വരികയും ചെയ്ത ഒരു ദുരവസ്ഥ നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഒട്ടേറെ യൂണിവേഴ്സിറ്റികൾ പുതുതായി ഉണ്ടാകുക എന്നതല്ല, അതിനപ്പുറം അതിനനുസൃതമായ ഗവേഷണവും അതിന്റെ ഫലവും ഈ രാജ്യത്തിന് ലഭിക്കണം. ഇവിടെ പറഞ്ഞു കന്നുകാലി വളർത്തലിലും പാൽ ഉത്പാദനത്തിലുമൊക്കെ നമ്മുടെ രാജ്യം വളരെ മുമ്പിലാണെന്ന്. നമ്മുടെ രാജ്യത്ത് ഏകദേശം 60 ലക്ഷത്തോളം ഗ്രാമീണ ജനത പശുവിനെ മാത്രം വളർത്തുന്നവരായിട്ടുണ്ട്. മാത്രമല്ല, ഏകദേശം 1,73,350 കോടി രൂപയുടെ പാലാണ് നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്നത്. അതേസമയം കേരളം ഉൽപ്പാദിപ്പിക്കുന്നത് കേവലം 25 ലക്ഷം ടൺ പാൽ മാത്രമാണ്. അപ്പോൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ തന്നെ നമ്മുടെ സംസ്ഥാനത്തിന് തികയുന്നില്ല. ഇവിടെ സൂചിപ്പിച്ചു, അമേരിക്കയിൽ നിന്നുംമറ്റും പാൽ ഇറക്കുമതി ചെയ്താൽ നമ്മുടെ നാടിന്റെ അവസ്ഥ എന്താകുമെന്ന്? നമുക്കറിയാം. കേരളത്തിൽ നമ്മുടെ ഗവൺമെന്റ് തന്നെ സ്കൂളുകളിൽ കുട്ടികൾക്ക് പാൽ നൽകാൻ തീരുമാനമെടുത്തു. വളരെ സന്തോഷത്തോടുകൂടിയാണ് അതിന്റെ ഉദ്ഘാടന കർമ്മമൊക്കെ നിർവ്വഹിച്ചത്. അങ്ങനെ പാൽ കൊടുക്കാൻ തീരുമാനിക്കുന്നുവെങ്കിലും ആ പാൽ കിട്ടാത്ത അവസ്ഥ വരും. അതിനു കാരണമെന്താണ്? അതിനുള്ള കാരണം, കേരളത്തിൽ അതിനനുസൃതമായ പാൽ ഉൽപ്പാദിപ്പിക്കുന്നില്ല എന്നതാണ്. എന്നുമാത്രമല്ല, ഇപ്പോൾ ഒരു വലിയ പ്രതിസന്ധികൂടി ഉണ്ടായിരിക്കുന്നു. കേരളത്തിൽ പാലിന്റെ കുത്തക ഏറ്റെടുത്ത ഒരു വിഭാഗമുണ്ടല്ലോ മിൽമ. അവർ വളരെ പ്രധാനപ്പെട്ട ഒരു നടപടികൂടി എടുത്തിരിക്കുന്നു, സ്കൂളുകളുമായി ബന്ധപ്പെട്ട പി. ടി. എ. ഇനി പാൽ അതാത് പ്രദേശത്തെ പ്രാദേശിക സൊസൈറ്റിയിൽ നിന്ന് വാങ്ങിയാൽ മതി. കൂടാതെ കേരളത്തിൽ ആ സൊസൈറ്റികൾ ഇത്ര വിലക്ക് പാൽ നൽകിയിരിക്കണമെന്നുള്ള ഒരു എഗ്രിമെന്റും ഉണ്ടാക്കിയിരിക്കുന്നു. അപ്പോൾ പാവപ്പെട്ട കർഷകന് പാലിന്റെ യഥാർത്ഥ വില ലഭിക്കുന്നില്ല. എന്തെങ്കിലും നഷ്ടങ്ങളുണ്ടെങ്കിൽ ആ പ്രാദേശിക സൊസൈറ്റി മാത്രം സഹിക്കേണ്ട ഒരു ഗതികേടിൽ ഇന്ന് കേരളം എത്തിനിൽക്കുകയാണ്. അപ്പോൾ കേരളത്തിൽ പാൽ അധികമില്ല. പാൽ എത്ര കിട്ടിയാലും കേരളത്തിൽ ആവശ്യമാണ്. ആവശ്യമായ പാൽ ഇല്ല എന്നതാണ് ഇന്നത്തെ വിഷയമെന്നതുകൊണ്ട് ഇവിടെ

ഏതായാലും ആ കാര്യത്തിൽ ഭയപ്പെടേണ്ടതില്ല. ഓരോ കാര്യങ്ങളിലും ഈ സഭ ഭയപ്പെട്ടിട്ടുണ്ട്. ഓരോ ഇറക്കുമതികൾ വരുമ്പോഴും ആ ഇറക്കുമതികളൊക്കെ എന്താകും ; ആസിയാൻ കരാർ വന്നാൽ തേങ്ങയ്ക്ക് വില കുറയുമോ ; കശുവണ്ടിക്ക് വില കുറയുമോ ; റബ്ബർ ആകമാനം നഷ്ടപ്പെട്ടു പോകില്ലേ എന്നൊക്കെ ഓർത്തിരുന്നു. ഇന്ന് കാർഷികോൽപ്പന്നങ്ങൾക്ക് ചരിത്രത്തിലെ ഏറ്റവും വലിയ വില ലഭിക്കുന്ന അവസ്ഥയിലേക്ക് നമ്മുടെ നാട് എത്തുകയാണ്. നമ്മൾ അങ്ങനെ ഭയപ്പെടുന്ന ഒരു രീതിയല്ല. അതിനപ്പുറം ഒരു രാജ്യത്തിന്റെ പൊതുവായ വളർച്ചയിൽ അനിവാര്യമായ ചില കാര്യങ്ങളിൽ നമുക്ക് തീർച്ചയായും അതിന്റെ പങ്ക് വഹിക്കേണ്ടിവരും. അതോടൊപ്പം തന്നെ കേരളത്തിൽ പശുവിനെ വളർത്തുക എന്നുള്ളത് വളരെ പ്രയാസകരമായ ഒന്നായി മാറുകയാണ്. ഇവിടെ അണുകുടുംബം എന്ന സ്ഥിതി മാത്രമല്ല, നമ്മുടെ നാട്ടിലുള്ളത്. ഭൂമി തുണ്ടംവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം പശുവോ മറ്റ് ഏത് മൃഗങ്ങളായാലും വളർത്തുക എന്നത് വളരെ പ്രയാസകരമായ ഒരു ജോലിയാണ്. അതിന് പരിഹാര മാർഗ്ഗമെന്താണ്? നാം മനസ്സിലാക്കേണ്ടത് ഇവിടെ അത്യാവശ്യം ഭൂമിയുള്ള സമ്പന്നന്മാരായ വലിയ കർഷകരുണ്ട്. അവരെ കണ്ടെത്തി അവരെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 22 ലക്ഷത്തോളം പശുവും എരുമയും മാത്രമുണ്ട്. അതുപോലെതന്നെ 12.15 ലക്ഷം ആടുകളുണ്ട്. 125 ലക്ഷം കോഴികളുമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 30 ലക്ഷത്തിലധികം കുടുംബങ്ങൾ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് കിടക്കുന്നവരാണ്. അപ്പോൾ വളരെ പ്രധാനപ്പെട്ട ഈ രംഗത്ത് വലിയ ഗവേഷണമൊക്കെ നടന്നാൽ ഗുണപരമായ മാറ്റമുണ്ടാകുമെന്നതിൽ സംശയമില്ല. അതോടൊപ്പംതന്നെ അതിനനുസരിച്ചുള്ള ക്വാളിറ്റി ഉറപ്പുവരുത്താൻ കഴിയണം. ഈ രംഗത്ത് വിദേശ രാജ്യങ്ങളുടെയൊക്കെ കുത്തകഹോൾഡുണ്ട്, സ്വിറ്റ്സർലാന്റ് പോലെയുള്ള ഒട്ടേറെ രാജ്യങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. അവരൊക്കെ ഈ രംഗത്ത് വളരെ ശാസ്ത്രീയമായിട്ടുള്ള ചുവടുവയ്പ്പുകളുമായി മുന്നോട്ടുപോകുന്നു എന്നതാണ് ഇതിന്റെ കാരണം. അതുപോലെതന്നെയാണ് മാംസം ഉൽപ്പാദനം. മാംസം ഉൽപ്പാദനത്തിന്റെ കാര്യത്തിൽ വളരെ പ്രധാനപ്പെട്ട വിഷയമെന്ന് പറയുന്നത് കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽത്തന്നെ മഹാഭൂരിപക്ഷം ജനങ്ങളും മാംസം കഴിക്കുന്നവരാണ്. മാംസം കഴിക്കുന്ന ആളുകൾക്ക് അതിനനുസൃതമായ നല്ല രീതിയിലുള്ള സംസ്ക്കരിച്ച മാംസം ലഭ്യമാക്കേണ്ടതുണ്ട്. മാംസം ഉൽപ്പാദനത്തിൽ ഇന്ത്യ ലോകത്തിൽത്തന്നെ എട്ടാം സ്ഥാനത്ത് നിൽക്കുകയാണ്. ലോകത്ത് എട്ടാം സ്ഥാനത്തുനിൽക്കുന്ന നമ്മുടെ രാജ്യം ഈ രംഗത്ത് ഏകദേശം 21 ശതമാനം വളർച്ചയുണ്ടാക്കിയെന്നാണ് പറയുന്നത്. ഈ രംഗത്ത് വളർച്ചയുണ്ടാക്കുമ്പോഴും ഏറ്റവും വേദനയേൽപ്പിക്കുന്ന ഒരു കാര്യം, മാംസസംസ്ക്കരണ രംഗത്ത് നമ്മൾ വളരെ പിന്നിലാണ് എന്നതാണ്. ആ രംഗത്ത് നമുക്ക് ഒരു ശതമാനംപോലും വളർച്ചയുണ്ടാക്കാൻ കഴിയാത്തഅവസ്ഥയിലേക്ക് എത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : സർ, ബഹുമാനപ്പെട്ട മെമ്പർ, അമേരിക്കപോലെയുള്ള രാജ്യങ്ങൾ യഥാർത്ഥത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളിലേക്ക് ആ രാജ്യങ്ങളിലെ പാലുൽപ്പാദനവും അതുമായി ബന്ധപ്പെട്ട ബൈ-പ്രോഡക്ട്സും മാക്സിമം കയറ്റുമതി ചെയ്യാനുള്ള വലിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അത്തരം ഒരവസരത്തിൽ കേരളം കൃഷിഭൂമി തുണ്ടുവൽക്കരിക്കപ്പെടുന്നുയെന്ന് പറയുന്നു. കേരളത്തിൽതന്നെ നല്ല ഇടപെടൽ നടത്തിയാൽ ഉൽപ്പാദനരംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിയില്ലേ? ആ രൂപത്തിലല്ലേ അമേരിക്കപോലെയുള്ള രാജ്യങ്ങളുടെ കടന്നു കയറ്റത്തെ നമ്മൾ ചെറുത്തുതോൽപ്പിക്കേണ്ടത്? അതാണ് എന്റെ ഒരു ചോദ്യം. മറ്റൊരു പ്രധാനപ്പെട്ട കാര്യം കേരളീയത്തനിമ എന്നുള്ളത് പശു വളർത്തുന്ന കാര്യത്തിൽ നമ്മൾ നിലനിർത്തേണ്ടതുണ്ടെന്ന അഭിപ്രായക്കാരനാണ് ഞാൻ. പുത്തൻ ശാസ്ത്ര സാങ്കേതിക വളർച്ചയെ ഞാൻ എതിർക്കുന്നില്ല. അത് നെഞ്ചിലേറ്റുന്നതിനോടൊപ്പംതന്നെ, പാലുൽപ്പാദനം വർദ്ധിക്കട്ടെ, പുതിയ കണ്ടുപിടിത്തങ്ങളൊക്കെത്തന്നെ ഇതിന്റെ ഭാഗമായി വരട്ടെ. പക്ഷേ പഴയ പശുവിന്റെ കരച്ചിൽ നമ്മുടെ ഗ്രാമങ്ങളിൽ നിൽക്കുകയാണ്. 'മ്വേ.....' എന്നുള്ളതിനുപകരം നായ കുരയ്ക്കുന്നതുപോലെയുള്ള ശബ്ദത്തിലേയ്ക്ക് പശുക്കൾ വരുന്നുവെന്നുള്ളതുതന്നെ നിങ്ങൾ ഗൗരവമായി കാണാത്തത് എന്താണ്? പഴയ കേരളീയത്തനിമയും പശുവിന്റെ മനോഹരമായ കരച്ചിലുമൊക്കെ എത്ര ഉജ്ജ്വലമായിരിക്കും. "call the cows home, call the cows home." എന്നുപറയുന്ന ഉജ്ജ്വലമായ കവിതതന്നെ ഗ്രാമീണ കൃഷിക്കാരൻ പശുവിനെ വളർത്തുമ്പോഴും വലിയ കാർമ്മേഘങ്ങൾ വരുമ്പോൾ പുറപ്പെടുവിക്കുന്ന ശബ്ദവുമൊക്കെത്തന്നെ എത്ര മനോഹരമാണ്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി പശുവിന്റെ കരച്ചിൽ ഏതെങ്കിലുമൊരു വലിയ ഫാക്ടറിയിൽനിന്നുള്ള യന്ത്രങ്ങളുടെ ഒച്ചപോലെ തോന്നിക്കഴിഞ്ഞാൽ അതിലും മാറ്റമുണ്ടാകേണ്ടതായിട്ടില്ലേ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഇവിടെ അങ്ങ് അമേരിക്കപോലെയുള്ള രാഷ്ട്രങ്ങളുടെ മുന്നേറ്റത്തിന്റെ ചെറുത്തുനിൽപ്പിനെ ഏത് രീതിയിലാണ് നാം കാണേണ്ടതെന്നാണ് പറഞ്ഞത്. നമ്മുടെ രാജ്യത്ത് വേണ്ടത്ര റിസർച്ച് നടക്കുന്നില്ല എന്നാണ് ഞാൻ എന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ പറഞ്ഞത്. മൊത്തത്തിൽ കേരളവും അങ്ങനെതന്നെയാണ്. ഒരുപാട് യൂണിവേഴ്സിറ്റികളുടെ ബോർഡുകളുണ്ടെന്നുള്ളതിനപ്പുറം റിസർച്ച് നടത്തണമെന്ന് ആമുഖത്തിൽ ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. ബയോടെക്നോളജി മേഖലയിൽ വലിയ മുന്നേറ്റമുണ്ടാകുന്നു. ടെർമിനേറ്റഡ് സീഡ്സ് നമ്മുടെ രാജ്യത്തെ കീഴടക്കുന്നു. ടെർമിനേറ്റഡ് സീഡ്സ് നമ്മുടെ രാജ്യത്തെ കീഴടക്കുന്ന ഈ ഘട്ടത്തിൽ അന്തകവിത്തുകളെ നേരിടാൻ നമ്മുടെ കയ്യിൽ എന്താണുള്ളത്? അത്യുൽപ്പാദനശേഷിയുള്ള വിത്ത് ഉൽപ്പാദിപ്പിക്കാൻ നമുക്ക് സാധിക്കണമായിരുന്നു. തുണ്ടുവൽക്കരിക്കപ്പെടുന്ന ഭൂമിയിൽ നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം yield വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗമുണ്ടാകണം. ഉൽപ്പാദനം

വർദ്ധിപ്പിക്കണമെങ്കിൽ അതിനനുസരിച്ച് നിലവിലുള്ള പുതിയ ഇനങ്ങളെ കണ്ടെത്താൻവേണ്ടിയുള്ള നിരന്തരമായ റിസർച്ച് നടത്തണം. അങ്ങനെയുള്ള ഗവേഷണം നടക്കണമെന്നതാണ് യൂണിവേഴ്സിറ്റി എന്നതുകൊണ്ട് സാധ്യമാകേണ്ടതെന്ന് തുടക്കത്തിൽ പറയാനുണ്ടായ കാരണം അതാണ്. അത് ഇവിടെ സാധ്യമാക്കി എടുക്കണം. മാത്രമല്ല, അങ്ങ് ഇവിടെ പശുവിനെക്കുറിച്ച് പറഞ്ഞു. പാലുമായി ബന്ധപ്പെട്ടത് കേരളം മാത്രമല്ല, അങ്ങേക്കറിയാം ലോകത്ത് ആടിനെ വളർത്താത്ത ഒരൊറ്റ പ്രവാചകൻമാരില്ല. ഞങ്ങളുടെ ഇസ്ലാമിക ചരിത്രം പരിശോധിച്ചാൽ കാണാം, എല്ലാ പ്രവാചകൻമാരും ആടിനെ വളർത്തിയവരാണെന്ന്. .....(ബഹളം)..... ഉണ്ട്. ചരിത്രത്തിൽ ഉണ്ടല്ലോ.

ശ്രീ. പി. സി. ജോർജ്: സർ, പരിശുദ്ധ ഖുർ-ആൻ അനുസരിച്ച് 1,24,000 പ്രവാചകൻമാരുണ്ട്. ആ 1,24,000 പേരുടെയും പേര് ഖുർ-ആനിൽ പറഞ്ഞിട്ടില്ല. അപ്പോൾ എല്ലാ പ്രവാചകൻമാരും ആടിനെ വളർത്തിയെന്ന് എങ്ങനെയാണ് നിശ്ചയിക്കുന്നത്?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ ഇവിടെ പറഞ്ഞു, ഖുർ-ആൻ പരിചയപ്പെടുത്തിയ പ്രവാചകൻമാർ ആദം നബി അലൈഹിസലാം മുതൽ .....(തടസ്സം)..... അതെ, പരിചയപ്പെടുത്തിയ പ്രവാചകൻമാരൊക്കെ ആടിനെ വളർത്തിയവരാണ്. പ്രവാചകൻ മുഹമ്മദ് നബിയടക്കം അത് ചെയ്തിട്ടുണ്ട്. എല്ലാ പ്രവാചകൻമാരും ആടിനെ വളർത്തിയിട്ടുണ്ട്, മാത്രമല്ല, ശ്രീകൃഷ്ണനെക്കുറിച്ച് അറിയാം, ഉണ്ണിക്കണ്ണനെക്കുറിച്ച് അറിയാം. ഞാൻ പറയുന്നത് ഉണ്ണിക്കണ്ണൻ വെണ്ണയോട് കാണിച്ച താൽപര്യം, വെണ്ണയേയും പാലിനേയും സ്നേഹിച്ചു എന്നുള്ള താൽപര്യം കാണിക്കാൻ വേണ്ടിയാണ് ഗോപാലൻ പശുവിനെ വളർത്തിയത്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇബ്രാഹിം നബി മകനെ പരീക്ഷണത്തിന് വിധേയമാക്കിയതിനുശേഷം അറുത്തത് ആടിനെയല്ലേ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അത് ദൈവത്തിന്റെ കൽപ്പനയാണ്. ആടിനെ അറുക്കുന്നതും വളരെ പ്രധാനമാണ്. ഒരാടിനെ അറുത്തുകൊണ്ടാണ് ദൈവം സ്വന്തം മകനെ അറുക്കാൻവേണ്ടി നിയോഗിക്കപ്പെട്ട ഒരു കടമ ഇബ്രാഹിം നബി അലൈഹിസലാം അവിടെ നിർവ്വഹിക്കപ്പെടുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇന്ത്യയുടെ ചരിത്രമെടുത്താൽ മഹാത്മജി ആട്ടിൻപാലിന്റെ മാഹാത്മ്യം വളരെയേറെ നമ്മുടെ രാഷ്ട്രത്തിന് ബോധ്യപ്പെടുത്തിയ ആളാണ്. കന്നുകാലികളെ വളർത്തുക, പശുവിനെ വളർത്തുക, ആടിനെ വളർത്തുക എന്നുള്ളതൊക്കെ ഈ രീതിയുമായി ബന്ധപ്പെട്ട് കിടക്കുന്നു. സത്യത്തിൽ അങ്ങനെയുള്ള ജീവജാലങ്ങളെക്കുറിച്ചുള്ള ഗവേഷണം നടക്കുകതന്നെവേണം. ഈ അടുത്തകാലത്ത് കേരളസാഹിത്യ അക്കാഡമി അവാർഡ് ലഭിച്ച ഒരു നോവലുണ്ട് ആടുജീവിതം. ആടുജീവിതം ബെന്യാമിന്റെ നോവലാണ്. അദ്ദേഹം ആടുകളുമായി ജീവിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആ ആടിനെ തന്റെ ജീവിതത്തിന്റെ ഒരു ഘടകമായി മാറ്റുന്ന ഒരുപാട് കാര്യമുണ്ട്. അതിന്റെയൊരു ഭാഗംമാത്രം ഞാൻ പറയട്ടെ, പോച്ചക്കാരി രമണിയുടെ കഥ പറയാമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിരുന്നില്ലേ? പോച്ചക്കാരി രമണിക്ക് മാത്രമല്ല മദ്രസയിൽ എനിക്ക് കണ്ടാലറിയുന്ന എല്ലാ ആടുകൾക്കും ഞാൻ ഓരോരോ പേരുകൾ കൊടുത്തിരിക്കുന്നു. കൗതുകത്തിനും വഴക്ക് പറയാനുള്ള സൗകര്യത്തിനും താലോലിക്കാനുള്ള എളുപ്പത്തിനും മാത്രമായിരുന്നില്ല അത്. അറവ് റാവുത്തർ, മേരി മൈമുന, ഇൻഡിപോക്കർ, ഞണ്ട് രാഘവൻ, പരിപ്പ് വിജയൻ, ചക്കി, അമ്മിണി, കൗസു, റൗഫത്ത്, നബീൽ, പിങ്കി, അമ്മു, റസിയ, താഹിറ എന്നിങ്ങനെ തനിനാടൻ പേരുകളിൽ തുടങ്ങി ജഗതിയും മോഹൻലാലും സാക്ഷാൽ ഇ.എം.എസുംവരെ എന്റെ മദ്രസയിലുണ്ടായിരുന്നു. അദ്ദേഹം ഇതിൽ പറയുന്ന രസകരമായ കാര്യം, ജഗതിയെപ്പോലെ ചിരിക്കുന്നതും മോഹൻലാലിനെപ്പോലെ ചരിഞ്ഞുനടക്കുന്നതും ഇ.എം.എസ്.-നെപ്പോലെ വിക്കുള്ളതുമായ ആടുകൾ എന്റെ മദ്രസയിലുണ്ടായിരുന്നുവെന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോയെന്നാണ്. അദ്ദേഹം നമ്മുടെ സാമൂഹ്യ ജീവിതത്തിലെ കഥാപാത്രങ്ങളെയൊക്കെ ജീവജാലങ്ങളുമായി ബന്ധപ്പെടുത്തുകയാണ്. സത്യത്തിൽ മനുഷ്യനേക്കാൾ സ്നേഹിക്കാൻ കൊള്ളാവുന്നവരാണ് മൃഗങ്ങളെന്ന യാഥാർത്ഥ്യം ആടുജീവിതത്തിലൂടെ അദ്ദേഹം ലോകത്ത് കൊണ്ടുവരികയാണ്.

<u>ശ്രീ. സാജു പോൾ</u> : സർ, ഗോക്കളെ മേച്ച ഗോപാലനെയും ആടുമാടുകളെ സ്നേഹിച്ച നബി തിരുമേനിയെക്കുറിച്ചുമൊക്കെ പറഞ്ഞു. കർത്താവായ യേശു ക്രിസ്തുവിനെ ആദ്യ ഇടയനായും മഹാ ഇടയനുമായിട്ടാണ് കണക്കാക്കുന്നത്. അത് എന്തുകൊണ്ടാണെന്ന് അങ്ങേക്ക് അറിയില്ലേ?

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, വളരെ കൃത്യമാണല്ലോ, ഞാൻ വിശ്വസിക്കുന്ന എന്റെ പ്രമാണമനുസരിച്ചും, യേശു ക്രിസ്തുവിലുള്ള വിശ്വാസമുണ്ടെങ്കിൽ മാത്രമേ ഞങ്ങൾക്കൊക്കെ ഒരു മതവിശ്വാസിയായി തുടരാൻ കഴിയൂ. ഈസാ നബി അലൈഹിസലാമിൽ വിശ്വസിക്കണം, ഈസാ നബി അലൈഹിസലാമിൽ വിശ്വസിച്ചിരിക്കണം, ഈസാ നബി അലൈഹിസലാം അവസാന നാളുകളിലെത്തുമെന്ന് വിശ്വസിച്ചിരിക്കണം, ഈ പ്രവാചകൻമാരുടെ ജീവിതത്തിലൊക്കെ വിശ്വസിച്ചുകൊണ്ടാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. പക്ഷേ പലപ്പോഴും ചില മതപരമായ വീക്ഷണങ്ങളിൽ വിയോജിപ്പുണ്ടാകാം. പക്ഷേ ഒരു മുസ്ലിമിന് ഇവരെയൊക്കെ വിശ്വസിച്ചാൽ മാത്രമേ, യേശുവിനെക്കുറിച്ച് വിശ്വസിച്ചാൽ മാത്രമേ മുസ്ലിമാകാൻ കഴിയുകയുള്ളൂ.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, പ്രവാചകനേയും യേശുക്രിസ്തുവിനേയും കൃഷ്ണനേയുംകുറിച്ചുള്ള ഐതിഹ്യങ്ങൾ ഏകദേശം ഒരുപോലെയാണ്. മനുഷ്യ സമൂഹത്തിന്റെ വികാസ പരിണാമ ചരിത്രത്തിൽ അങ്ങ് വിശ്വസിക്കുന്നുണ്ടോ? കാട്ടുമൃഗങ്ങളെയൊക്കെ പിടിച്ചുകൊണ്ടുവന്ന് മെരുക്കി വളർത്തി അതിന്റെ പാലൊക്കെയെടുത്ത് ജീവിക്കാൻ തുടങ്ങുന്ന ഒരു ഘട്ടമുണ്ട്. ആദിമമനുഷ്യൻ കാട്ടിലായിരുന്നു, ഗുഹാവാസിയായിരുന്നു, പ്രാകൃത

LIBRARY ARCHIVES Kerala Legislative Assembly

ജീവിയായിരുന്നു, അവിടെനിന്ന് വീണ്ടും പരിണമിച്ച് കൃഷിയിലേക്കെല്ലാംവന്ന് അങ്ങനെയങ്ങനെ സോഷ്യലിസത്തിലേക്കെല്ലാം വരുന്ന പരിണാമഘട്ടമുണ്ട്. അംഗീകരിക്കേണ്ട രീതിയിലാണ് പ്രവാചകന്റെയും മുഹമ്മദ് നബിയുടെയുമെല്ലാം കഥ വരുന്നത്. ആ ശാസ്ത്രീയത അങ്ങ് അംഗീകരിക്കുമോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അങ്ങനെയല്ല, എന്റെ മതപരമായ വിശ്വാസപ്രകാരം ആദിമനുഷ്യൻ ആദം നബിയോടുകൂടി മനുഷ്യ സമൂഹത്തിൽ മനുഷ്യനായിതന്നെ തുടങ്ങുകയാണ്. ആദമിനെ മനുഷ്യനായി തന്നെയാണ് സൃഷ്ടിച്ചത്, ഹവ്വാ എന്നുപറയുന്ന ഭാര്യയോടുകൂടിയാണ് സൃഷ്ടിച്ചത്, രണ്ട് മക്കളോടുകൂടിയാണ് സൃഷ്ടിച്ചത്. അപ്പോൾ സ്വഭാവികമായും ഒരു മനുഷ്യനെന്ന നിലയിൽതന്നെ സൃഷ്ടിക്കപ്പെടുകയാണ്. അതിനപ്പുറം ഒരിക്കലും ഡാർവിൻ സിദ്ധാന്തത്തെപ്പോലെ ഒരു സിദ്ധാന്തമുണ്ടായിയെന്ന് ഞങ്ങളാരും വിശ്വസിക്കുന്നില്ല എന്നുമാത്രമല്ല, അങ്ങനെയൊരു പരിണാമം സംഭവിക്കുമായിരുന്നുവെങ്കിൽ എത്രയോ വർഷങ്ങളായി കാടുകളിൽ കിടക്കുന്ന ചിമ്പാൻസിക്ക് പരിണാമം സംഭവിക്കേണ്ടതായിരുന്നു. ആ പരിണാമം സംഭവിക്കുന്നില്ല. അന്ന് കൂട്ടിലടച്ച ചിമ്പാൻസി അവിടെത്തന്നെ കിടക്കുകയാണ്. ഞാൻ എന്റെ വിഷയത്തിലേക്ക് വരട്ടെ, ഇനി ഇത് ഒരു പരിണാമ സിദ്ധാന്തത്തിന്റെ ചർച്ചയാക്കി മാറ്റേണ്ടതില്ല. ആ ചർച്ച ഞാൻ ഇഷ്ടപ്പെടുന്നില്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഇവല്യൂഷൻ തിയറി എന്ന് പറയുന്ന ലോകമാകെ അംഗീകരിച്ചിട്ടുള്ള ജീവിവികാസം സംബന്ധിച്ച നിയമങ്ങളെ അങ്ങ് അംഗീകരിക്കുന്നില്ല എന്നാണോ, അതോ അങ്ങയുടെ പാർട്ടി അംഗീകരിക്കുന്നില്ല എന്നാണോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, എന്റെ പാർട്ടിയോ ഞാനോ എന്നല്ല ഞാൻ വിശ്വസിക്കുന്ന എന്റെ വിശ്വാസപ്രമാണമുണ്ട്. ആ വിശ്വാസ പ്രമാണത്തിന് ഒരു കാഴ്ചപ്പാടുണ്ട്. ആദി മനുഷ്യൻ ഭൂമിയിൽ ആദ്യം ആയിട്ട് ജനിക്കുന്നു. ഈ ലോകത്ത് മനുഷ്യകുലത്തിന്റെ ആരംഭം ആദിമനുഷ്യനോടുകൂടിതന്നെയാണ്. അത് കഴിഞ്ഞ് ഓരോ കാലഘട്ടത്തിലും ഓരോ സമൂഹവും ഉണ്ടാകുന്നു. പ്രകൃതിക്കും അവിടത്തെ പാരിസ്ഥിതികമായ സാഹചര്യങ്ങൾക്കും അനുസരിച്ച് ഒരു പക്ഷേ അവരുടെ ശാരീരിക പ്രകൃതിയിൽ മാറ്റങ്ങൾ വന്നേയ്ക്കാം. അതിനപ്പുറം മനുഷ്യൻ എന്നത് മറ്റൊരു സിദ്ധാന്തത്തിലൂടെ കടന്നുവന്നതാണെന്ന് ഞങ്ങൾ ആരും വിശ്വസിക്കുന്നില്ല. എന്നുമാത്രമല്ല, ഞാൻ ഇനി വിഷയത്തിലേക്ക് വരികയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ അങ്ങയുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്നില്ല. അങ്ങേക്ക് അങ്ങനെ വിശ്വസിക്കാനുള്ള അവകാശമുണ്ട്. പക്ഷേ അങ്ങ് വിചാരിക്കുന്നതുപോലെ പരിണാമ സിദ്ധാന്തമെന്ന് പറഞ്ഞാൽ മനുഷ്യസമൂഹം ഓരോ ഘട്ടത്തിലും ഓരോ വ്യക്തിയും ഇങ്ങനെ പരിണമിച്ച് മാറുന്നു;. ഇയാൾ എന്തുകൊണ്ട് മാറിയില്ല എന്നുള്ള രീതിയിലല്ല. പരിണാമ സിദ്ധാന്തത്തിന്റെ പ്രത്യേക ശാസ്ത്രീയതയുണ്ട്. ആ ശാസ്ത്രീയതയനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചൈനയിലെ താഴ്വരയിൽ നിന്നൊക്കെ കുഴിച്ചെടുത്ത നിയാണ്ടർത്താൽ മനുഷ്യനും അതുപോലെ ആസ്ട്രിയോപിറ്റാക്കസുമെല്ലാം തന്നെ ജീവിക്കുന്ന ഉദാഹരണങ്ങളാണ്. അങ്ങ് പറഞ്ഞതുപോലെയല്ല. മനുഷ്യസമൂഹത്തിന്റെ ആദിമഘട്ടം ഇന്നത്തെ ആധുനികമനുഷ്യനെ പോലെയായിരുന്നില്ല. നിരവധി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് ; ഇന്നും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അനുസ്യൂതമായിട്ടുള്ള മാറ്റങ്ങളാണ് ഉണ്ടാകുന്നത്. അത് ഏതെങ്കിലും ഒരു ദിവസം ഉച്ചയ്ക്ക് പന്ത്രണ്ട് മണിക്ക് ഒരു മാറ്റമുണ്ടായിട്ടുള്ളതല്ല. അങ്ങ് ഇത് അംഗീകരിക്കുന്നില്ലെങ്കിലും ഇതിന്റെ ശാസ്ത്രീയത അംഗീകരിക്കപ്പെട്ടതാണ്. അങ്ങ് വിചാരിക്കുന്ന രീതിയിലല്ല പരിണാമം ഉണ്ടാകുന്നത്. ഒരു ദിവസം ഉച്ചയ്ക്കല്ല പരിണാമം ഉണ്ടാകുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഇവിടെ വളരെ സംശയകരമായി ഒന്ന് ഇങ്ങനെ നിൽക്കുകയാണ്. ഇവിടെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുകൊണ്ട് ലോകത്ത് ജീവൻ ഉണ്ടായി എന്നല്ല പറയുന്നത്. അതിനപ്പുറം ജീവന്റെ കണിക വെള്ളത്തിൽ നിന്നാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അത് ഖുർ-ആൻ തന്നെ പ്രത്യേകമായി,

"അവലംയറല്ലദീന കഫറു അന്ന സമാവാത്തി വൽഅർളി കാനതാറത്ഖൻ ഫഫത്തഹനാഹുമ..... "

ആ കാര്യം വളരെ കൃത്യമായി സൂചിപ്പിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: മൃഗങ്ങൾ എങ്ങനെ ഉണ്ടായി?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : മൃഗങ്ങളല്ല, ജീവന്റെ കണികയെ കുറിച്ചുതന്നെയാണ് പറയുന്നത്.

"അവലംയറല്ലദീന കഫറു അന്ന സമാവാത്തി വൽഅർളി കാനതാറത്ഖൻ ഫഫത്തഹനാഹുമ വജഅൽനാ മിനൽ മാഇൗൻ കുല്ലി ഷെയ്ഇൻ അഫലാ യുമിനുൻ"

ആകാശവും ഭൂമിയും ഒന്നായിരുന്നു, ഭൂമിയെ ഞാൻ വേർപെടുത്തി. ബിഗ് ബോൺ തിയറിയാണ് പറയുന്നത്. ജീവന്റെ കണിക വെള്ളത്തിൽ നിന്നാണെന്ന് ഖുർ-ആൻ പ്രഖ്യാപിക്കുന്നു. അങ്ങ് പറയുന്നതുപോലെ മനുഷ്യൻ നേരെ ജീവന്റെ കണികയായി ഭൂമിയിലേക്ക് വന്നുവെന്നല്ല. അതിനപ്പുറം ജീവന്റെ കണിക വെള്ളത്തിൽ നിന്നാണ് എന്നുള്ള, ഇന്ന് ലോകം കണ്ടെത്തിയ ആധുനിക ശാസ്ത്രം കണ്ടെത്തിയ ഏറ്റവും വലിയ ഒരു കണ്ടെത്തലിനെക്കുറിച്ച് നേരത്തെ ഖുർ-ആൻ ലോകത്തോട് പ്രഖ്യാപിക്കുകയാണ്. അതാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇത് വെറ്ററിനറി യൂണിവേഴ്സിറ്റി ബിൽ ആണ്. പരിണാമവും മനുഷ്യ ഉൽപ്പത്തിയും അവിടെ നിൽക്കട്ടെ. മൃഗങ്ങൾ എങ്ങനെ ഉണ്ടായി എന്നൊന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അത് ഞാൻ വളരെ കൃത്യമായി പറഞ്ഞല്ലോ. അതിനുള്ള മറുപടി ഞാൻ നേരത്തെ പറഞ്ഞതിലുണ്ട്. മനുഷ്യൻ എന്നല്ല ജീവന്റെ കണിക തന്നെ വെള്ളത്തിൽ നിന്നാണെന്ന് പറഞ്ഞാൽ ലോകത്ത് ജീവജാലങ്ങൾ ഉണ്ടാകണം, മനുഷ്യരുണ്ടാകണം. ഈ പ്രപഞ്ചത്തിന്റെ സത്യമാണ് അത്. അത് ഒരിക്കലും നിഷേധിക്കാൻ കഴിയാത്ത മനാണ്. അതിന്റെ യാഥാർത്ഥ്യത്തെയാണ് നാം കാണുന്നത്.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും പറഞ്ഞതിൽ നിന്നും മനസ്സിലായത് ഏക കോശത്തിൽ നിന്നാണ് ബഹുകോശം ഉണ്ടാകുന്നത് എന്നാണ്. ഏകകോശം എന്ന് പറയുന്നത് ഡി.എൻ.എ. + ആർ.എൻ.എ. + പ്രോട്ടീൻ കൂട്ടുകെട്ടാണ്. അപ്പോൾ ഈ ഏകകോശത്തിൽ നിന്നാണ് എല്ലാം പരിണമിച്ചു പരിണമിച്ച് ഉണ്ടാകുന്നത് എന്നാണ് ശാസ്ത്രം പറയുന്നത്. ഡി.എൻ.എ. ടെസ്റ്റുകൾ കോടതിയോ അല്ലെങ്കിൽ ഗവൺമെന്റുമായോ, സയന്റിഫിക്, ശാസ്ത്രീയ കേന്ദ്രങ്ങളുമായോ ബന്ധപ്പെട്ടുള്ളതാണ്. അങ്ങനെ എന്തെങ്കിലും ഒരു ടെസ്റ്റ് വരികയാണെങ്കിൽ ഡി.എൻ.എ. ടെസ്റ്റ് അങ്ങേക്ക് അംഗീകരിക്കാൻ കഴിയുമോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ശാസ്ത്രത്തിന്റെ എല്ലാ കണ്ടെത്തലുകളും അന്തിമ വിധിയായി ഞാൻ വിശ്വസിക്കുന്നില്ല. അങ്ങ് ആദ്യം കാണേണ്ടത് അവിടെയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ഇത് വെറ്ററിനറി യൂണിവേഴ്സിറ്റി ബില്ലിന്റെ ചർച്ചയല്ലേ?

ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി: സർ, അങ്ങ് ഇടപെടല്ലേ, ഇത് ബിൽ അല്ലേ? ഈ പറഞ്ഞതിന് അപ്പുറമില്ല. ശാസ്ത്രത്തിന്റെ എല്ലാ കണ്ടെത്തലുകളും അങ്ങ് പറയുന്നതുപോലെ അന്തിമമല്ല. കാരണം ഞങ്ങളൊക്കെ സ്ക്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഒരു ഗ്ലോബ് വച്ച് ഒരു മെഴുകുതിരി കത്തിച്ചുവച്ച് രാവും പകലും ഉണ്ടാകുന്നു എന്ന് പഠിപ്പിച്ചു. ഗ്ലോബ് ഇങ്ങനെ കറങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ അന്ന് ഞങ്ങൾ മദ്രസയിൽ പഠിക്കുന്നു 'വഷംസു തജ്രി' സൂര്യൻ അതിന്റെ ഭ്രമണപഥത്തിൽ ചലിച്ചുകൊണ്ടിരിക്കുന്നു. 'ലിമുസ്തക്കരിൻ ലഹാ' ഭ്രമണപഥം ഉണ്ടെന്നും സൗരയൂഥമുണ്ടെന്നും അന്ന് ഞങ്ങൾ പഠിക്കുമ്പോഴാണ് ഇപ്പുറത്ത് ഒരു മെഴുകുതിരി കത്തിച്ചുവച്ച് രാവും പകലും എങ്ങനെ ഉണ്ടാകുന്നുവെന്ന് ഞങ്ങളെ പഠിപ്പിച്ചത്. അത് കടന്നുപോയിട്ടില്ല. അതുപോലെതന്നെ പ്രവാചകന്റെ ആകാശയാത്രയെക്കുറിച്ച് ഒരു കാലഘട്ടത്തിൽ ഏറെ ചർച്ച ചെയ്തു. അങ്ങനെ ആകാശയാത്ര ചെയ്ത് ദൈവത്തെ കാണാമോ? ഇന്ന് സ്ഥിതി എന്താണ്? ഇന്ന് നാനോ ടെക്നോളജിയുടെ എറ്റവും പുതിയ കണ്ടെത്തലാണ് ടെലിപോർട്ടേഷൻ. ടെലിപോർട്ടേഷനിൽ ഇപ്പുറത്തിരിക്കുന്ന ഒരു വസ്തുവിനെ അപ്പുറത്തേക്ക് കൊണ്ടുപോകാൻ സാധിക്കുന്നു. അപ്പോൾ നമ്മൾ കണ്ടെത്തേണ്ടത് ലോകം ഒരുപാട് മാറി. ടെക്നോളജി ഒരുപാട്

LIBRARY ARCHIVES Kerala Legislative Assembly

മാറുന്നു. ശാസ്ത്രം അനുദിനം മുന്നോട്ടുപോകുന്നു. ഞങ്ങൾ ശാസ്ത്രം കണ്ടെത്തുന്നത് അന്തിമമാണെന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തിലല്ല.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സൗരയൂഥ സിദ്ധാന്തം ഖുർ-ആൻ അംഗീകരിക്കുന്നുണ്ടോ?

ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി: സർ, വളരെ കൃത്യമായി ഞാൻ പറഞ്ഞല്ലോ. ഭ്രമണപഥം എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? എല്ലാ ഗ്രഹങ്ങളും ചലിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഗ്രഹങ്ങളും ചലിച്ചു കൊണ്ടിരിക്കുന്നു എന്ന് ഖുർ-ആൻ തന്നെ പറയുന്നുണ്ട്. വളരെ കൃത്യമായി ആ ഭ്രമണപഥത്തെക്കുറിച്ച് പറയുന്നുണ്ട്. ഇതൊക്കെ നിഷേധിക്കാൻ കഴിയുന്നതല്ല. ഏതായാലും ഞാൻ വിഷയത്തിലേക്ക് വരികയാണ്.

ശ്രീ. പി. വിശ്വൻ : സർ, ലോക സംസ്ക്കാരത്തിന്റെ കേന്ദ്രമായ ഇറാഖ് എന്ന് പറയുന്ന രാജ്യത്തിന്റെ വളരെ പ്രസിദ്ധമായ ഒരു പ്രസിദ്ധീകരണത്തിൽ പറയുന്നത് ഭൂമിയിൽ ജീവജാലങ്ങൾ ഉണ്ടായിട്ട് 400, 450 ലക്ഷം വർഷത്തോളമായിയെന്നാണ്. എന്നാൽ മനുഷ്യൻ ഭൂമിയിൽ ഉണ്ടായിട്ട് പത്തോ പന്ത്രണ്ടോ ലക്ഷം വർഷങ്ങൾ മാത്രമേ ആയിട്ടുള്ളു. ഈ പരിണാമ വികാരത്തെയാണ് മാനവരാശി നെഞ്ചിലേറ്റേണ്ടത് എന്ന് ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇറാഖ് എന്ന് പറയുന്നത് ഇസ്ലാമിക ചിന്തയുടെ ഹൃദയത്തുടിപ്പിന്റെ ഒരു രാജ്യമാണ്. എന്നിട്ടെന്താണ് ബഹുമാനപ്പെട്ട മെമ്പർ വ്യത്യസ്തമായി പറയുന്നത്?

ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ ഒരിക്കലും വ്യത്യസ്തമായി പറഞ്ഞില്ലല്ലോ. വ്യത്യസ്തമായി പറഞ്ഞുവെന്ന് അങ്ങാണ് പറഞ്ഞത്. ജീവന്റെ കണിക വെള്ളത്തിൽ നിന്നും ഉണ്ടായി എന്നാണ് ഞാൻ പറയുന്നത്. ജീവന്റെ കണിക ഉണ്ടായി എന്നുപറഞ്ഞാൽ ജീവജാലങ്ങൾ ഉണ്ടാകും. പരിണാമമെന്നല്ല പറയുന്നത്. ഈജിപ്തിലുള്ള എഴുത്തുകാരൊക്കെ പരിണാമത്തെ കുറിച്ച് എഴുതിയാൽ അതൊക്കെ പരിണാമം എന്ന് പറയാൻ കഴിയില്ല. അവിടെ ജനിച്ചുപോയി എന്നതുകൊണ്ട് എല്ലാവരും വലിയ മതപണ്ഡിതന്മാരാണ് എന്ന കാഴ്ചപ്പാട് അങ്ങേക്ക് ഉണ്ടാകരുത്. ഓരോ രാജ്യത്തും വ്യത്യസ്തമായ വീക്ഷണമുള്ളവരുണ്ടാകാം. അങ്ങേക്ക് അനുസൃതമായ പുസ്തകം അങ്ങ് കണ്ടെത്തിയിട്ടുണ്ടാകും. ഏതായാലും ഞാൻ എന്റെ വിഷയത്തിലേക്ക് വരികയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, കേരളത്തിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള റിസർച്ച് നടത്തുവാൻ നമുക്ക് സാഹചര്യമുണ്ടാകണം. ഇപ്പോൾ നമ്മുടെ മുൻപിലുള്ള ഒരു വലിയ പ്രശ്നം, കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് ഒരുപാട് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ട്. ഇപ്പോൾ നമ്മൾ റിസർച്ച് നടത്തേണ്ടത് ഏതുവിധേനയാണ്. ഇപ്പോൾ കേരളത്തിൽ ഒരു വെറ്ററിനറി സർവ്വകലാശാല രൂപീകരിക്കുന്ന സമയത്ത് ഇവിടെ നിലവിലുള്ള നമ്മുടെ പരമ്പരാഗത കന്നുകാലികളെ നിലനിറുത്താൻ കഴിയണം. പുതിയ ഇനങ്ങളുണ്ടാകണം. നിലവിലുള്ള പാരിസ്ഥിതിക സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയണം. ഈ അടുത്ത ദിവസം ഒരു ഹിമക്കരടി ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഹിമക്കട്ട കെട്ടിപ്പിടിച്ചു നിൽക്കുന്ന ഒരു ചിത്രം കണ്ടു. അത് നോക്കുന്നത് മുകളിലേക്കാണ്. കാരണം ആ മഞ്ഞ് ഉരുകുന്നതോടുകൂടി അതിന് ജീവിക്കാനുള്ള സാഹചര്യം നഷ്ടപ്പെടുകയാണ്. അവസാനത്തെ ഒരു തുണ്ട് മഞ്ഞുക്കട്ടയാണ് കെട്ടിപ്പിടിച്ചുനിൽക്കുന്നത്. മനുഷ്യൻ ചെയ്യുന്ന ചെയ്തികൾ കൊണ്ട് ലോകത്ത് ആഗോളതാപനം ഉണ്ടാകുന്നു. അതൊരു ഹിമക്കരടിയെ മാത്രമല്ല നമ്മുടെ നാട്ടിലുള്ള ജീവജാലങ്ങളെ വരെ ബാധിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ നിലവിലുള്ള നമ്മുടെ കാലാവസ്ഥയ്ക്കും നമ്മുടെ സാമൂഹ്യ സാഹചര്യങ്ങൾക്കും അനുസൃതമായി നമ്മുടെ കന്നുകാലി സമ്പത്തിനെ സംരക്ഷിക്കാൻ കഴിയുന്ന സാഹചര്യമെന്താണെന്നതിനെക്കുറിച്ച് ആലോചിക്കണം. അത് വളരെ പ്രധാനപ്പെട്ട ഒന്നാണ്.

12.00 NOON.] ഈ അടുത്ത ദിവസം ഒരു പുസ്തകത്തിൽ വായിച്ചത് തേനീച്ചക്കൂടിന് അടുത്തെവിടെയെങ്കിലും മൊബൈൽ ഫോൺ പ്രവർത്തിപ്പിച്ചാൽ തേനീച്ചയുടെ റാണി അവിടെനിന്ന് കൂടൊഴിഞ്ഞ് പോകുന്നതോടെ പിന്നീട് ബാക്കി തേനീച്ചകൾ മുഴുവനും കൂടൊഴിഞ്ഞ് പോവുകയും ചെയ്യുന്നുവെന്നാണ്. അത് വലിയ അത്ഭുതകരമായ കാര്യമാണ്. നമ്മുടെ പാരിസ്ഥിതിക മംഗത്തുണ്ടാകുന്ന ഈ മാറ്റം ചെറുതല്ല. കന്നുകാലികളും പക്ഷികളും അവർക്ക് ജീവിക്കാൻ കഴിയുന്ന പാരിസ്ഥിതിക പ്രശ്നത്തിന്റെ വെല്ലുവിളി ഉയർത്തുകയാണ്. കേരളത്തിലേക്ക് വന്നുകൊണ്ടിരുന്ന ദേശാടന പക്ഷികൾ ഇപ്പോൾ വരുന്നില്ല. ദേശാടന പക്ഷികൾക്ക് വഴിതെറ്റുകയാണ്. ദേശാടന പക്ഷികൾക്ക് വഴി തെറ്റാനുണ്ടായ കാരണം ഇലക്ട്രോണിക് തരംഗങ്ങൾ പ്രകൃതിയിലുണ്ടാക്കുന്ന വ്യതിയാനങ്ങളാണ്. ഇത് വലിയൊരു മാറ്റമാണ്. ഇപ്പോൾ ഒരു വെറ്ററിനറി സർവ്വകലാശാല ഉണ്ടാക്കുകയെന്ന് പറഞ്ഞാൽ കേവലം ഒരു സർവ്വകലാശാല ഉണ്ടാക്കി കുറെ പോസ്റ്റ് ഉണ്ടാക്കുകയെന്നല്ല. അതിനപ്പുറം നല്ല റിസർച്ച് ഉണ്ടാകണം. ജീവജാലങ്ങൾ ജീവിക്കുന്നതിനെക്കുറിച്ചും അതിന് അനുസൃതമായ സാഹചര്യങ്ങളെക്കുറിച്ചുമൊക്കെ നല്ല റിസർച്ചോടുകൂടി വേണം കാര്യങ്ങൾ നടക്കേണ്ടത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മൃഗങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് അത്യാവശ്യമായിട്ടുള്ള കാര്യമാണ്. ഈ ബില്ലിന്റെ പരിധിയിൽ വരുമോ എന്നറിയില്ല. എന്നാലും പന്നി പെരുകി കൃഷിയാകെ നശിപ്പിച്ച് സമൂഹത്തിലാകെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ആനയും കുറച്ച് കൂടുതലായിട്ടുണ്ട്. കുറുക്കന്റെ എണ്ണം കുറയുകയും ചെയ്തു. ഇതെല്ലാംകൂടി വരുമ്പോൾ കൃഷിക്കാർക്ക് അങ്ങേയറ്റം ഉപദ്രവകരമായ ഒരവസ്ഥ വന്നിരിക്കുന്നു. നമ്മൾ എങ്ങനെയാണ്, ഇതിന്റെ വംശവർദ്ധനവിനെ നിയന്ത്രിക്കേണ്ടത്. ഇവ പെരുകിയാൽ ചിലപ്പോൾ കൊല്ലാനുള്ള അനുവാദം കൊടുക്കേണ്ടതായി വരും. പക്ഷെ നമ്മുടെ സെൻട്രൽ ആക്ട് അനുസരിച്ച് അതിന് സാധിക്കുമോ എന്നുള്ളതാണ്. സാധിക്കുമെങ്കിൽ കൃഷിക്കാരെ രക്ഷിക്കാൻ അങ്ങനെയൊരു നിയമം ഈ കേരള നിയമസഭയിൽ കൊണ്ടുവരുന്നതിനെക്കുറിച്ചുകൂടി പറയേണ്ടതില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പക്ഷേ 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് സെക്ഷൻ 11 അനുസരിച്ച് ജീവനും സ്വത്തിനും ഭീഷണിയാണെങ്കിൽ hunt ചെയ്യാൻ സെൻട്രൽ ആക്ടിൽ പ്രൊവിഷനുണ്ട്. അക്കാര്യം സംസ്ഥാനം മറച്ചു പിടിക്കുന്നു എന്നുള്ള കാര്യം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജു : സർ, ആര്യാടൻ സർ പറയുന്നത് ശരിയാണ്. നിയമത്തിൽ അതുണ്ട്. പക്ഷേ മുൻകൂട്ടി ഡി.എഫ്.ഒ.യുടെ അനുവാദം വാങ്ങിച്ചിട്ടുവേണം ചെയ്യേണ്ടതെന്നാണ് നിയമത്തിൽ പറയുന്നത്. ഒരു വന്യജീവി ആക്രമിക്കാൻ വരുന്നത് കണ്ടിട്ട് ഡി.എഫ്.ഒ.യുടെ അനുവാദം വാങ്ങിച്ചുകൊണ്ട് hunt ചെയ്യാൻ കഴിയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഡി.എഫ്.ഒ. യുടെ അനുവാദമല്ല. സ്റ്റേറ്റ് ലെവലിലുള്ള വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആഫീസറുടെ അനുവാദമാണ് വേണ്ടത്. പക്ഷേ കാട്ടാനയും കാട്ടുപോത്തുമെല്ലാം പെട്ടെന്നു വരികയല്ല. ദിവസേന വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു സാഹചര്യത്തിൽ അത്തരം സ്ഥലങ്ങളിൽ മുൻകൂട്ടി വൈൽഡ് ലൈഫ് വാർഡന് അനുവാദം കൊടുക്കാം. അത് കൊടുത്താൽ ഈ കൃഷിക്കാർക്ക് അവരുടെ വിളകൾ സംരക്ഷിക്കാൻ കഴിയും. അതിന് യാതൊരു പ്രയാസവുമില്ല.

ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി: സർ, പലരും ഇവിടെ സൂചിപ്പിച്ചത് കാട്ടിലെ വന്യ ജീവികളുടെ ആക്രമണത്തെക്കുറിച്ചാണ്. അതിനേക്കാളുപരി നമ്മുടെ നാട്ടിൽ എത്രയും പെട്ടെന്ന് ഇടപെടേണ്ട ഒന്നാണ് തെരുവു നായ്ക്കൾ. എം.എൽ.എ. ഹോസ്റ്റലിൽവരെ കിടന്നുറങ്ങാൻ പറ്റാത്ത അവസ്ഥയാണുള്ളത്. തെരുവുനായ്ക്കൾ രാത്രി സമയങ്ങളിൽ അത്രമാത്രം ഈ പരിസരങ്ങളിൽ തടിച്ചുകൂടുകയാണ്. തിരുവനന്തപുരം നഗരത്തിൽ എന്നല്ല ഒരിടത്തും ഇറങ്ങി നടക്കാൻ കഴിയുന്നില്ല. ചില നിയമനിർമ്മാണം കൊണ്ട് ഈ തെരുവു നായ്ക്കളെ അമർച്ച ചെയ്യാൻപോലും സാധിക്കാത്ത സാഹചര്യം നമ്മുടെ മുൻപിലുണ്ട്. അത് വളരെ ഗൗരവത്തോടുകൂടി തന്നെ ഈ സഭ കാണേണ്ട വിഷയമാണ്. ശ്രീ ആര്യാടൻ മുഹമ്മദ് ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രധാനമാണ്. അതോടൊപ്പംതന്നെ ഇതും കാണേണ്ടതാണ്. ദൈവത്തിന്റെ സൃഷ്ടിയാണ്. എന്നാലും നിയന്ത്രണം വേണം. നിയന്ത്രണങ്ങൾ അനിവാര്യമാണ്, ആവശ്യമാണ്, അത് വളരെയേറെ പ്രധാനമാണ്. നിയന്ത്രണങ്ങൾക്കനുസൃതമായി സാധാരണക്കാരായ ജനങ്ങൾക്ക് അതിനുള്ള സാഹചര്യം ഒരുക്കണം. ഏതിനെയൊക്കെ ഭൂമിയിൽ നിലനിർത്താം, ഏതിനെയൊക്കെ നശിപ്പിക്കാം എന്നതിന് വളരെ വ്യക്തമായ ചില നിലപാടുകളുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഖുർ-ആനിൽ ഒരു കാര്യം പറയുന്നുണ്ട്. ഈ ലോകത്ത് ദൈവമാണ് എല്ലാം സൃഷ്ടിച്ചത്. ഇതൊക്കെ മനുഷ്യ വർഗ്ഗത്തിന്റെ ആവശ്യത്തിനുവേണ്ടിയാണ്, അത് നിയന്ത്രണത്തോടുകൂടി ഉപയോഗിക്കണമെന്ന് പറയുന്നുണ്ട്. അപ്പോൾ hunt ചെയ്താൽ മാംസവും ഭക്ഷിക്കാം. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഇവിടെയുള്ളതിനെ മുഴുവനും hunt ചെയ്യണമെന്നുള്ള കാഴ്ചപ്പാട് എനിക്കില്ല. അതേസമയം മനുഷ്യന് ശല്യമുണ്ടാക്കുന്ന രീതിയിലുള്ളതിനോട് ആ രീതിയിൽ പ്രതികരിക്കണം. മുസ്ലീം രാജ്യമായ യു.എ.ഇ. യിലെ ഷാർജയിൽ വളരെ പ്രധാനപ്പെട്ട ഒരു ക്യാമൽ മ്യൂസിയമുണ്ട്. അത് നമ്മൾ ഒന്നുപോയി കാണേണ്ടതാണ്. ഒട്ടകത്തിന്റെ ജീവിത രീതികളെക്കുറിച്ചും കഴിഞ്ഞ കാലങ്ങളിലുണ്ടായ അതിന്റെ മാറ്റങ്ങളെക്കുറിച്ചുമെല്ലാം വളരെ വ്യക്തമായി പഠിക്കാൻ കഴിയുന്ന ഒന്നാണ് ക്യാമൽ മ്യൂസിയം. അത് അത്ഭുതകരമായ ഒന്നാണ്. ഒട്ടകത്തിനെ നിർത്തിയിട്ട് അത് വെള്ളം ശേഖരിക്കുന്നതു മുതൽ ഭക്ഷണം കഴിക്കുന്നതുവരെ വളരെ കൃത്യമായി കാണിക്കുകയാണ്. കാണേണ്ട ഒന്നാണത്. കേരളത്തിൽ അങ്ങനെയൊരു എലിഫന്റ് മ്യൂസിയമെങ്കിലും ഉണ്ടാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. കാരണം നമ്മുടെ സ്വന്തം എന്നുപറയുന്ന ഒന്ന് ഭാവിതലമുറയ്ക്ക്, ഉപകരിക്കത്തക്കവിധത്തിൽ അതിനെക്കുറിച്ച് ആലോചിക്കണം. അത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഈ രീതിയിൽ ജീവജാലങ്ങളെ വളർത്താൻ കഴിയുന്ന സാഹചര്യമുണ്ടാകണം. പിന്നെ hunt ചെയ്താൽ മാംസവും കിട്ടും. നമ്മുടെ ഏറ്റവും വലിയ പരാജയം എന്നുപറയുന്നത്, മാംസം സംസ്ക്കരിക്കുന്നതിനുള്ള സാഹചര്യം ഇല്ലെന്നുള്ളതാണ്. അന്തർദ്ദേശീയ നിലവാരമുള്ള ഒരു അറവുശാലപോലും നമ്മുടെ നാട്ടിലില്ല. എത്ര അപകടകരമായ ഒന്നാണത്. ഒരു മാതൃക എന്നുള്ള നിലയിൽ ഒരു ജില്ലയിൽ നിലവാരമുള്ള ഒരു അറവുശാലയെങ്കിലും ഉണ്ടാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കേണ്ടതാണ് അതോടൊപ്പം കേരളത്തിലേയ്ക്ക് വരുന്ന അറവുമാടുകളൊക്കെ മനുഷ്യന് ഭക്ഷിക്കാൻ കഴിയുന്ന രീതിയിലുള്ളതാണോ; അത് ഏതൊക്കെ സാഹചര്യങ്ങളിൽനിന്നും വരുന്നു എന്നൊക്കെ അറിയേണ്ടതുണ്ട്. അവ പലപ്പോഴും മാരകമായ രോഗങ്ങൾക്കുവരെ ഇടവരുത്തുന്ന സാഹചര്യമുണ്ട്. ഇതൊക്കെ പരിശോധനാ വിധേയമാക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. നമ്മുടെ ഗവേഷണം എന്നത് മൃഗങ്ങളുടെ ആരോഗ്യം പരിപാലിപ്പിക്കുന്നതോടൊപ്പം തന്നെ മനുഷ്യന്റെ ആരോഗ്യംകൂടി നിലനിർത്താൻ കഴിയുന്ന സാഹചര്യം ഒരുക്കുകയും ചെയ്യുക എന്നുള്ളതുകൊണ്ടാണ് ഈ വിഷയം ഇവിടെ പരാമർശിക്കുന്നത്. അതുപോലെ തന്നെയാണ് വന്യമൃഗ സങ്കേതങ്ങൾ. കേരളത്തിലെ വന്യമൃഗ സങ്കേതങ്ങളിലൊന്നും ഒരു റിസർച്ചും നടക്കുന്നില്ല. എന്നുള്ളതാണ് സത്യം. അന്തർദ്ദേശീയ നിലവാരത്തിലുള്ള ചാനലുകളൊക്കെ നോക്കിയാൽ, വിദേശ രാജ്യങ്ങളിലൊക്കെ ഈ രംഗത്ത് വളരെ വലിയ പരിശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് കാണാൻ കഴിയും. ആനിമലുമായി ബന്ധപ്പെട്ടതാകട്ടെ, അല്ലെങ്കിൽ ഡിസ്ക്കവറിയാകട്ടെ ഏത് ചാനൽ എടുത്താലും അവിടെയൊക്കെ ഓരോ രാഷ്ട്രവും അവരുടെ വന്യമൃഗ സമ്പത്തും അവരുടെ ജീവജാലങ്ങളുമൊക്ക സംരക്ഷിക്കുന്നതിനുവേണ്ടി അവർ വളരെ പ്രാധാന്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. അതിനനുസൃതമായ ഒരു പ്രവർത്തനം നമ്മുടെ നാട്ടിലില്ല. ഈ രംഗത്ത് നമ്മൾ റിസർച്ച് നടത്തുമ്പോൾ അതൊക്കെ ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു റിസർച്ച് ആയിരിക്കണം നടത്തേണ്ടത്. അതോടൊപ്പം കാർഷിക സർവ്വകലാശാലയെ

വിഭജിച്ചുകൊണ്ടാണ് പുതിയ യൂണിവേഴ്സിറ്റി വരുന്നത്. വിഭജിച്ചുവരുമ്പോൾ ഈ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഏകദേശം ആയിരത്തോളം ഏക്കർ സ്ഥലം ഇപ്പോൾ നമുക്ക് കൈമാറ്റം ചെയ്തതിൽനിന്നും കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവിടെയൊക്കെ നല്ല റിസർച്ച് സെന്ററുകൾ ഉണ്ടാകണം. ആ റിസർച്ച് സെന്ററുകൾ ഉണ്ടാക്കുമ്പോൾ ഏകദേശം 20 പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്പാർട്ടുമെന്റാണ് ഉണ്ടാകുന്നത്. ഈ 20-ഓളം പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്പാർട്ടുമെന്റ് ഉണ്ടാകുമ്പോൾ അവിടെനിന്നും കേവലം ഒരു സർട്ടിഫിക്കറ്റുമായി ഇറങ്ങുക എന്നതിനപ്പുറം ഒരു വർഷത്തിൽ വളരെ പ്രധാനപ്പെട്ട 10 കണ്ടെത്തലുകളെങ്കിലും ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി നമ്മുടെ കാർഷിക മേഖലയിൽ ഉണ്ടാകണം. അത് വളരെ പ്രധാനമാണ്. അതിനുവേണ്ടിയുള്ള വളരെ ശക്തമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. അതിന് അവർക്ക് ആവശ്യമായ ടെക്നോളജി കൊടുക്കണം. നമുക്ക് ടെക്നോളജിയില്ല എന്നുള്ളത് ഏറ്റവും വലിയ യാഥാർത്ഥ്യമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ രംഗത്ത് വേണ്ടത്ര രീതിയിൽ നമുക്ക് മുന്നേറാൻ സാധിക്കുന്നില്ല. ഇപ്പോൾ നമ്മൾ തെരഞ്ഞെടുക്കുന്നത് പൂക്കോട് പോലുള്ള സ്ഥലമാണ്. പൂക്കോടിന്റെ പ്രത്യേകതയെക്കുറിച്ച് നമുക്കറിയാം. പൂക്കോടു പോലുള്ള മേഖലയിൽ അവിടത്തെ കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ ഒരുക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു ചുമതലയാണ്. അവിടെ ഒരു സ്ഥാപനമുണ്ടാക്കി ആവശ്യമായ കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കപ്പെടരുത്. അവിടെ എത്തിയാൽ നമുക്കറിയാം, പലപ്പോഴും മൊബൈൽ ഫോൺ വരെ ഓഫ് ആകുന്ന സ്ഥലമാണ്. അങ്ങനെയുള്ള സ്ഥലത്ത് ഈ വക സൗകര്യങ്ങൾ ആദ്യം ഒരുക്കണം. ഒരു റിസർച്ച് സെന്റർ സ്ഥാപിക്കുമ്പോൾ അവിടെ അത്തരത്തിലുള്ള സൗകര്യമൊരുക്കാൻ സാധിക്കണം. അതോടൊപ്പംതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, കാർഷിക സർവ്വകലാശാലയെ വിഭജിക്കുമ്പോൾ ഇപ്പോൾ ഫിഷറീസും വെറ്ററിനറി വിഭാഗവും അവിടെനിന്ന് മാറ്റുകയാണ്. മാറ്റുമ്പോൾ നിലവിൽ ഏകദേശം 150 കോടിയോളം രൂപയുടെ കടബാധ്യത ആ സ്ഥാപനത്തിനുണ്ട്. 97 കോടി രൂപ ജീവനക്കാരുടെ പി.എഫ്. മാത്രം കൊടുക്കാനുള്ളതാണ്. 150 കോടിയോളം രൂപയുടെ ബാധ്യതയുള്ള സ്ഥാപനമാണ് അവിടെനിന്ന് മാറ്റുന്നത്. അങ്ങനെ മാറ്റുമ്പോൾ അതിനനുസൃതമായിട്ടുള്ള വളരെ പ്രധാനപ്പെട്ട മറ്റൊരു സ്ഥാപനം തകർത്തുകൊണ്ടും നശിപ്പിച്ചുകൊണ്ടും ആകരുത്. അതിനനുസൃതമായിട്ടുള്ള കാര്യങ്ങൾ ഉണ്ടാകണം. പിന്നീട് ഒരു നിർദ്ദേശം വയ്ക്കുന്നത്, 12-ാം വകുപ്പിൽ യു.ജി.സി. നിർദ്ദേശിക്കപ്പെടുന്ന ഒരു പ്രതിനിധി ആവശ്യമാണ്. കാരണം, മാനേജുമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ അത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമായി നിൽക്കുകയാണ്. മാനേജ്മെന്റ് കൗൺസിൽ ഉണ്ടാകുമ്പോൾ അവിടെ യു.ജി.സി. പ്രതിനിധിയില്ല. യു.ജി.സി. പ്രതിനിധി ആവശ്യമാണ് എന്നുമാത്രമല്ല, വെറ്ററിനറി എഡ്യൂക്കേഷൻ പാസ്സായ മെമ്പർമാർ ആ കൂട്ടത്തിലുണ്ടാകണം. അത് വളരെ പ്രധാനമാണ്. ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ പ്രതിനിധി, ഐ.എം.എ. യുടെ പ്രതിനിധിയൊക്കെ സാധാരണ മെഡിക്കൽ യൂണിവേഴ്സിറ്റികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകാറുണ്ട്. അതുപോലെ ഇൻഡ്യൻ വെറ്ററിനറി അസോസിയേഷന്റെ പ്രതിനിധി ഈ മാനേജുമെന്റ് കൗൺസിലിലുണ്ടാകണം. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതോടൊപ്പംതന്നെ വി.സി.യെ നിർദ്ദേശിക്കുന്ന കാര്യത്തിൽ ഈ സെർച്ച് കമ്മിറ്റി നിർദ്ദിഷ്ട സമയത്ത് പാനൽ നൽകിയില്ലെങ്കിൽ സർക്കാർ അംഗീകരിക്കുന്ന പാനലിൽനിന്ന് ഒരംഗം എന്നുപറയുന്നുണ്ട്. അതിനുപകരം ആ സെർച്ച് കമ്മിറ്റിയിൽനിന്നുതന്നെ ഒരാളെ നോമിനേറ്റ് ചെയ്തുകൊണ്ട് താൽക്കാലികമായി ആ പ്രശ്നം പരിഹരിക്കുന്ന രീതിയിൽ മാറ്റാനാവുമെങ്കിൽ അതുകൂടി വളരെ ഗുണകരമായിരിക്കും. ഏതായാലും കേരളത്തിന്റെ കന്നുകാലി വികസനത്തിന്റെ കാര്യത്തിൽ, അതുപോലെ നമ്മുടെ മറ്റ് മേഖലയിലൊക്കെ വലിയ വളർച്ചയ്ക്ക് ഉതകുന്ന ഒരു സർവ്വകലാശാല സാധ്യമാകുന്നിടത്ത് നേരത്തെ പറഞ്ഞതുപോലെ മറ്റ് സർവ്വകലാശാലകളെ കൊല്ലാതെ ഈ സർവ്വകലാശാലയെ ഒരു പുതിയ അദ്ധ്യായം സൃഷ്ടിക്കാൻ കഴിയുന്ന രീതിയിൽ നല്ലൊരു ഗവേഷണ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികളാണുണ്ടാകേണ്ടത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ ശ്രദ്ധേയവും വിജ്ഞാനപ്രദവുമായ നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. നമ്മൾ പുരാണങ്ങളിലൂടെ, ബൈബിളിലൂടെ, മഹാഭാരതത്തിലൂടെ, പ്രവാചകൻമാരിലൂടെയൊക്കെ യാത്ര ചെയ്യുകയാണ്. ഇത്ര വിപുലമായ സാധ്യതകൾ ഈ വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ രൂപീകരണവേളയിൽ ഉണ്ടെന്ന് ഞാൻ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. ആദിമനുഷ്യന്റേയും ജീവജാലങ്ങളുടെയും ഉൽപ്പത്തി മുതലുള്ള കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗിക്കുകയായിരുന്നു. ഞാൻ ബില്ലിനെപ്പറ്റി ശ്രദ്ധിക്കാതെ പ്രസംഗം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ നിയമസഭയിൽ ഡാർവിന്റെ സിദ്ധാന്തം മുതൽ, ഏറ്റവും ശ്രദ്ധേയമായ പ്രഭാഷണങ്ങളാണ് നടന്നത്. രണ്ട് പ്രസംഗങ്ങളും വളരെ വ്യത്യസ്തങ്ങളായിരുന്നു. ഒന്ന്, ശ്രീ. സി. കെ. പി. പത്മനാഭൻ കാര്യമാത്ര പ്രസക്തമായി ബില്ലിനകത്ത് ഒതുങ്ങിനിന്നുകൊണ്ടു സംസാരിച്ചു. പക്ഷേ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി എല്ലാ സീമകളും ലംഘിച്ച് ആഗോള വ്യാപകമായി പറഞ്ഞു. രണ്ടും സ്വാഗതാർഹമാണ്. ഇതിൽ യൂണിവേഴ്സിറ്റിയുടെ പ്രധാനപ്പെട്ട ലക്ഷ്യം ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെ ശുഷ്ക്കിപ്പിക്കുകയെന്നുള്ളതല്ല. അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുണ്ടായ കാലത്ത് അന്നത്തെ ഒരു സാഹചര്യത്തിൽ ഫിഷറീസും വെറ്ററിനറിയും അഗ്രിക്കൾച്ചറും എല്ലാംകൂടി ഒരു യൂണിവേഴ്സിറ്റിയായിരുന്നു. എന്നാൽ കാലം ഒരുപാട് മുന്നോട്ടുപോയി, കേരളത്തിന്റെ ഉല്പാദന മേഖല മാറി, കേരളത്തിന്റെ ജീവിതശൈലികൾ മാറി, കേരളത്തിലെ ജനതയുടെ ഡിമാന്റും ടേസ്റ്റും മാറി. ലോകമാകെ മാറിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ മാറ്റങ്ങൾക്ക് വിധേയമാകുന്ന തലത്തിൽ ഒരു പുതിയ യൂണിവേഴ്സിറ്റി വേണമെന്നാലോചിച്ചു. ഈ സന്ദർഭത്തിൽ ഈ നിയമസഭയിൽ ദീർഘകാലമുണ്ടായിരുന്ന, ഇപ്പോൾ നിയമസഭാംഗമല്ലാത്ത മുൻമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ സംഭാവന ഞാൻ ഇവിടെ നന്ദിപൂർവ്വം സ്മരിക്കുകയാണ്. കാരണം ഞാൻ വന്നപ്പോൾ കഴിഞ്ഞ ഗവൺമെന്റാണ് ഇതുസംബന്ധിച്ച് ഒരു ആലോചന നടത്തിയത്. അങ്ങനെയാണ് ഈ യൂണിവേഴ്സിറ്റിയുടെ ആദ്യത്തെ പഠനം നടന്നത്. ആ പഠനം പര്യാപ്തമല്ല എന്നു കണ്ടതിനുശേഷമാണ് ഒരു എക്സ്പെർട്ട് കമ്മിറ്റി വച്ച് വീണ്ടും ഒരു പഠനം നടത്തിയത്. എല്ലാ പഠനങ്ങളും കഴിഞ്ഞതിനുശേഷം അവസാനമായി ഇന്നത്തെ അവസ്ഥയിൽ കേരളത്തിന്റെ വികസനം അനിവാര്യമാണ്;. പല പുതിയ മേഖലകളിലേക്കും നമ്മൾ പോകുന്നുണ്ട്. ഐ.ടി മേഖലയിലും അതുപോലെ മറ്റ് വ്യാവസായിക രംഗങ്ങളിലുമെല്ലാം വലിയ മാറ്റങ്ങൾ വരുന്നുണ്ട്.; പക്ഷേ കേരളത്തിന്റെ തനതായ കേരളത്തനിമയുള്ള ഉല്പാദന മേഖലയെന്നുപറയുന്നത് നാട്ടിൻപുറത്തെ കന്നുകാലികളെ വളർത്തലും സംരക്ഷിക്കലും അതുപോലെതന്നെ ആടിനേയും കോഴിയേയും താറാവിനേയും കാടയേയും മുയലിനേയുമൊക്കെ വളർത്തി കേരളത്തിലെ ഗ്രാമങ്ങൾ ഐശ്വര്യ സമ്പൂർണ്ണങ്ങളായ ഗ്രാമങ്ങളാക്കുന്നതിന്, വലിയ ഇൻവെസ്റ്റ്മെന്റ് ഇല്ലാതെ. വലിയ പരിസ്ഥിതി പ്രശ്നങ്ങളില്ലാതെ, വലിയ വൈദഗ്ധ്യമില്ലാതെ, വലിയ ടെക്നോളജിയില്ലാതെ തലമുറ തലമുറകളായിട്ടുള്ള നാട്ടറിവുകൾ വച്ചുതന്നെ കേരളത്തിന്റെ ഗ്രാമീണ ഉൽപ്പാദന മേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്താൻ കഴിയുമെന്നും അനന്തമായ സാദ്ധ്യതകളുണ്ടെന്നും അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചു. അതിന് ഒരു ശാസ്ത്രീയ അടിത്തറ സൃഷ്ടിക്കുകയെന്നുള്ളത് മാത്രമാണ് ഈ യൂണിവേഴ്സിറ്റി കൊണ്ടുദ്ദേശിക്കുന്നത്. കന്നുകാലി വളർത്തൽ, ലോകത്തെ ഒരു രാജ്യത്തിനും നിഷേധിക്കാനാകില്ല. അതിന്റെ ഉൽപ്പാദന മേഖല നമ്മുടെ മനുഷ്യസമൂഹിയുടെ ജീവിതവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. നമ്മുടെ ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് വായിച്ചാൽ, ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ ശാപം പോഷകാംശക്കുറവുകൊണ്ട് ഗർഭിണികളും കുഞ്ഞുങ്ങളും മരണമടയുന്നതും രോഗങ്ങൾ ബാധിക്കുന്നതുമാണ്. പോഷകാംശമുള്ള ആഹാരമെന്നുപറയുന്നത് ഐ.ടി. ഡെവലപ്മെന്റിൽ ഉണ്ടാകാൻ പോകുന്നില്ല. പോഷകാംശമുള്ള ആഹാരമെന്നത്, പ്രകൃതിയുടെ ഭാഗമായി നമുക്ക് കിട്ടിയിട്ടുള്ള ജീവജാലങ്ങളുടെയും കന്നുകാലികളുടെയും പക്ഷികളുടെയും സമ്പത്താണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഈ പുതിയ സാഹചര്യങ്ങളിൽ നമുക്ക് അതെങ്ങനെ ശാസ്ത്രീയമായി ഉപയോഗിക്കാനും മനുഷ്യന്റെ ആയുസ് വർദ്ധിപ്പിക്കാനും ആരോഗ്യം സംരക്ഷിക്കാനും കഴിയും? ഭക്ഷ്യ സുരക്ഷയെന്നുപറയുന്ന ഒരു ആഗോള ലക്ഷ്യം തന്നെ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ റോമിൽ പോകുന്ന എല്ലാ സമയത്തും പാസ്സാക്കുന്ന പ്രമേയം ലോകം പട്ടിണിയിലേക്ക് നീങ്ങുകയാണെന്നാണ്. ലോകം ഗുരുതരമായ ഭക്ഷ്യ ക്ഷാമത്തിലേക്ക് നീങ്ങുകയാണ്. ലോകത്തിലെ വലിയൊരു വിഭാഗം ജനത പട്ടിണിക്കാരായി കഴിയുകയാണ്. ഇൻഡ്യ തന്നെ 2015-ൽ വലിയ പട്ടിണിക്കാരുടെ രാജ്യമായി മാറും. ഇങ്ങനെ സംഭ്രമജനകമായ മേഖലകളാണ് അവർ പുറത്തുവിടുന്നത്. അതിസൂക്ഷ്മമായ എല്ലാ താല്പര്യങ്ങൾക്കും അപ്പുറത്തുള്ള വിശപ്പ് അനുഭവിക്കുന്ന, തൊഴിലില്ലാത്ത,

LIBRARY ARCHIVES Kerala Legislative Assembly

അർദ്ധനഗ്നരായ, അക്ഷരാഭ്യാസമില്ലാത്ത, വിദ്യാലയങ്ങളിൽ പോകാൻ കഴിയാത്ത, വെറും നിലങ്ങളിൽ കിടന്നുറങ്ങുന്ന, തെരുവിലലയുന്ന വലിയൊരു സമൂഹം ഇൻഡ്യയിലുണ്ട്. ആ സമൂഹത്തിന് ഐ.ടി. വ്യവസായം അപ്രാപ്യമാണ്. ആ സമൂഹം ഫാക്ടറികളും നഗരങ്ങളും കണ്ടിട്ടില്ല. അതുകൊണ്ടാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യ ഭക്ഷ്യ സുരക്ഷയെക്കുറിച്ച് പറയുന്നത്. അതിനാലാണ്. ആറു പതിറ്റാണ്ടിനുശേഷമെങ്കിലും നമ്മൾ കണ്ണുതുറന്നത്. കൊടിയ പട്ടിണിയുടെ മുമ്പിൽ നമ്മൾ കണ്ണുതുറക്കുന്നത്. അങ്ങനെ തുറന്നപ്പോഴാണ് ഭക്ഷ്യ സുരക്ഷയ്ക്കുവേണ്ടിയുള്ള നിർദ്ദേശങ്ങൾ പ്ലാനിംഗ് കമ്മീഷൻ ആലോചിച്ചത്. ഒരുപാട് നിർദ്ദേശങ്ങൾ ഇപ്പോൾ നമ്മുടെ മുമ്പിലുണ്ട്. ഏതു നിർദ്ദേശം വന്നാലും നമ്മുടെ രാജ്യത്തെ, കേരളത്തിലെ, ഇൻഡ്യയിലെ ജനങ്ങളുടെ ഭക്ഷണക്രമത്തിൽ തീർച്ചയായിട്ടും വലിയ സംഭാവന ചെയ്യാൻ കഴിയുന്നതാണ് കന്നുകാലി സമ്പത്ത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വലിയ സംഭാവന ചെയ്യാൻ കഴിയുന്നതാണ് തെക്കേ ഇൻഡ്യയിലെ കോഴിവളർത്തൽ കേന്ദ്രങ്ങൾ. തമിഴ്നാട്ടിലെ നാമക്കൽ എന്നുപറയുന്ന കോഴിവളർത്തൽ കേന്ദ്രം ഏഷ്യയിലെ നമ്പർ വൺ കേന്ദ്രമാണ്. ഏഷ്യൻ രാജ്യങ്ങളിലേക്ക് അവർ ഇറച്ചി കോഴികളെ കയറ്റി അയയ്ക്കുന്നു. കണക്കുകൾ പരിശോധിച്ചാൽ മുട്ട ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്നത് തമിഴ്നാട്ടിലാണ്. അപ്പോൾ ഭക്ഷ്യസുരക്ഷ യാഥാർത്ഥ്യമാകണമെങ്കിൽ, ആ ലക്ഷ്യത്തിലെത്തണമെങ്കിൽ ഇന്ന് നമ്മുടെ നാട്ടിൻപുറങ്ങളിലെ കന്നുകാലികളുടെ പരിപോഷണങ്ങളും ശുശ്രൂഷകളും സംരക്ഷണങ്ങളും ആധുനികവൽക്കരിക്കണം. അതിന് സാറ്റ്ലൈറ്റ് ഡയറിഫാമുകളാകാം, ഹൈടെക് ഡയറി ഫാമുകളാകാം, രണ്ടും മൂന്നും പശുക്കളെ സൗജന്യമായി നാട്ടിൻപുറങ്ങളിൽ വിതരണം ചെയ്യാം, സ്കൂളുകളിൽ ഇത് പരിചയപ്പെടുത്താം, പുതിയ തലമുറയെ ഇത് പരിചയപ്പെടുത്താം. മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ വീണ്ടും ഗ്രാമങ്ങളിലേക്ക് മുഖം തിരിക്കാനുള്ള വലിയ ഒരു സമ്മർദ്ദം ഈ യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതോടെ സാദ്ധ്യമാകും. അതിന്റെ സാധ്യതകൾ നമ്മുടെ മുമ്പിൽ തുറക്കുകയാണ്. ലോകത്ത് തന്നെ ഈ വെറ്ററിനറി സയൻസ് നല്ല നിലയിൽ ഡെവലപ് ചെയ്യും. അതുപോലെ ഡയറി സയൻസും ഒരു യൂണിവേഴ്സൽ സയൻസായി ഡെവലപ് ചെയ്യും. ലോകത്ത് ജനങ്ങൾ കഴിക്കുന്ന ആഹാരത്തിന്റെ വലിയ ഒരു ശതമാനം മിൽക് ബേയ്സ്ഡായിട്ടുള്ള ഫൈപ്രോഡക്ടുകളാണ്. ബിസ്ക്കറ്റായാലും ചോക്കളേറ്റായാലും ഐസ്ക്രീമായാലും ഏതെടുത്താലും പാലിന്റെ അംശമുണ്ട്. പക്ഷേ ഇവിടെ പാൽ എന്ന് കേട്ടാൽ നമ്മുടെ സങ്കൽപ്പം ചായയ്ക്ക് ഉപയോഗിക്കുകയെന്നുള്ളതാണ്. അതിനുപോലും ഇപ്പോൾ തികയുന്നില്ല. അതുകൊണ്ട് വളരെ സൗണ്ടായിട്ടുള്ള, സയന്റിഫിക്കായിട്ടുള്ള അടിത്തറയിൽ കേരളത്തിലെ മൃഗസംരക്ഷണ വകുപ്പ് പുനഃസംഘടിപ്പിക്കുക എന്നുള്ളതാണ് ഈ യൂണിവേഴ്സിറ്റി ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. നമുക്ക് അതിന് ആവശ്യമായ റിസോഴ്സസ് ഇവിടെയുണ്ട്. ഒന്നാന്തരം ക്ലൈമറ്റാണ് നമുക്കുള്ളത്. ഇവിടെ നല്ല പരിചയ സമ്പന്നരായ

LIBRARY ARCHIVES Kerala Legislative Assembly

വെറ്ററിനറി ഡോക്ടർമാരുടെ ഒരു വലിയ കൂട്ടമുണ്ട്. ഡയറി സയൻസ് പാസ്സായ, അതിൽ ഗവേഷണം നടത്തിയ ആളുകളുണ്ട്. ദീർഘകാലമായി അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിപുലമായ ഒരു ഡിപ്പാർട്ടുമെന്റും അതിന് ആവശ്യമായ ടീച്ചിംഗ് സ്റ്റാഫുമുണ്ട്. അതുപോലെതന്നെ പ്രൊഫസേഴ്സ്, Deans എല്ലാമുണ്ട്. എന്നാൽ അതിനെ പ്രത്യേകമായി ഹൈലൈറ്റ് ചെയ്യാൻ കഴിയുന്നില്ല, അതിനൊരു വ്യക്തിത്വമില്ല. ഐഡന്റിറ്റിയില്ല. അതിനൊരു ഐഡന്റിറ്റി വരുത്തുകയെന്നുള്ളതാണ് ഇതിന്റെ വിശാലമായ ഒരു ലക്ഷ്യം.

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് ഇവിടെ പറഞ്ഞ വിശാലമായ എല്ലാ ലക്ഷ്യങ്ങളോടും ഞങ്ങൾ യോജിക്കുകയാണ്. ഇത് വളരെ സ്വാഗതാർഹമായ ഒരു സംരംഭമാണ്. വർഷങ്ങൾക്ക് മുമ്പുണ്ടായ ആവശ്യമാണ്. യൂണിവേഴ്സിറ്റി ആരംഭിക്കാൻ തീരുമാനിച്ച ശേഷം കേൾക്കുന്ന പല കാര്യങ്ങളും അത്ര സുഖകരമായ കാര്യങ്ങളല്ല. യൂണിവേഴ്സിറ്റി തലവൻ വൈസ് ചാൻസലർ ആണ്. ഈ ബില്ലിനകത്ത് തന്നെ പറയുന്നത്, Notwithstanding anything contained in sub-section (4), the first Vice-Chancellor shall be appointed by the Chancellor on the recommendation of the Government. അങ്ങനെ നിയമിക്കുന്ന വൈസ് ചാൻസലർ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയുടെ മറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ ഐ.സി.എ.ആർ.ന്റെ മാനദണ്ഡം അനുസരിച്ച് വൈസ് ചാൻസലറാകാൻ യോഗ്യതയുള്ള ആളിനെയാണോ നിയമിച്ചിരിക്കുന്നത്. യൂണിവേഴ്സിറ്റി എന്നു പറഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട ഒരു അക്കാഡമിക് ബോഡിയാണ്. ബന്ധപ്പെട്ട കാർഷിക യൂണിവേഴ്സിറ്റിയടക്കമുള്ള യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപകരെ തട്ടിച്ചു നോക്കുമ്പോൾ അതിന്റെ തലവനാകേണ്ടത് ഉന്നത നിലവാരമുള്ള ആളായിരിക്കണം. പക്ഷേ ഇപ്പോൾ വച്ച പലരെയും പറ്റി കേൾക്കുന്നതും വായിക്കുന്നതുമായ വാർത്തകൾ സുഖകരമല്ല. അങ്ങനെ ഇഷ്ടക്കാരെയും പാർശ്വാനുവർത്തികളേയും വയ്ക്കുന്ന ഒരു സ്ഥാപനമായി യൂണിവേഴ്സിറ്റി മാറുന്നത് അങ്ങ് പറയുന്ന വിശാലമായ താല്പര്യത്തിന് യോജിച്ചതാണോയെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. സി. ദിവാകരൻ : സർ, കുഞ്ഞ് ജനിക്കാൻ പോകുന്നതേയുള്ളു. ഗർഭസ്ഥ ശിശുവാണ്. ഇന്ന് വൈകുന്നേരം മാത്രമേ ഈ കുഞ്ഞ് ജനിച്ചതായിട്ട് നമുക്ക് പറയാൻ പറ്റൂ. അന്നേരം ശ്രീ. കെ. സി. ജോസഫ് പറഞ്ഞ പല കാര്യങ്ങളും ഗൗരവമായി ആലോചിക്കാം. പക്ഷേ അങ്ങ് വൈസ്ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് ഒരു ദുഃസൂചന നടത്തി. ഇഷ്ടക്കാരെ ആരെയും വച്ചിട്ടില്ല എന്ന് അന്വേഷിച്ചാൽ അങ്ങേക്ക് തന്നെ മനസ്സിലാകും. ഞങ്ങളുടെ ആരുടേയും ഇഷ്ടക്കാരനുമല്ല. ഇഷ്ടക്കാരെ ഞങ്ങളാരും വയ്ക്കില്ല. അത് ഞങ്ങൾ ഒരിടത്തും ആലോചിച്ചിട്ടില്ല. പലേടത്തും അന്വേഷിച്ചു. ഒരാളെ കിട്ടി. അദ്ദേഹത്തിന്റെ നിയമനത്തിൽ പരാതികളുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. ഇപ്പോൾ അത് കോടതിയിൽ തന്നെ ചോദ്യം ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ക്ഷീരവികസന വകുപ്പിനെ ആകെ പുനഃസംഘടിപ്പിക്കുകയും അതിനൊരു പുതിയ രൂപഭാവങ്ങൾ പകരുകയും ചെയ്യുകയാണെന്ന് പറഞ്ഞു. ക്ഷീര വികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയോജിപ്പിച്ച് സമാന സ്വഭാവമുള്ള ഈ വകുപ്പുകളുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി അത്തരം എന്തെങ്കിലും ഒരു നടപടി ചെയ്യാൻ പറ്റുമോ?

ശ്രീ. സി. ദിവാകരൻ : സർ, വളരെ ശ്രദ്ധേയമായ നിർദ്ദേശമാണ് ശ്രീ. സാജുപോൾ പറഞ്ഞത്. ഇപ്പോൾതന്നെ കെ.എൽ.ഡി.ബോർഡ്, ഡയറി ഡിപ്പാർട്ടുമെന്റ്, ആനിമൽ ഹസ്ബെന്ററി അതുമായി ബന്ധപ്പെട്ടതെല്ലാംകൂടി പേർത്ത് ഒരു കൺസോർഷ്യം രൂപീകരിക്കണം. താങ്കളുടെ ഈ നിർദ്ദേശം പ്രായോഗികമായി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. വളരെ പ്രായോഗികമായ ഒരു നിർദ്ദേശമാണ് ഞാൻ പറഞ്ഞു വന്നത്, ഇടയ്ക്ക് നമ്മുടെ ശ്രീ. കെ. സി.ജോസഫ് ഇടപെട്ടതുകൊണ്ടാണ് അതിന്റെ ഫ്ലോ തെറ്റിപ്പോയത്. ശ്രീ. സി. കെ. പി. പത്മനാഭൻ പറഞ്ഞതുപോലെ ഇപ്പോൾ പത്ത് മുപ്പത്തിനാല് ലക്ഷം കന്നുകാലികളുണ്ട്. ഇപ്പോൾ തീറ്റ ആകെ ഒരു കേന്ദ്രത്തിൽ മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. അതൊരു പൊതുമേഖലാ സ്ഥാപനമാണ്, അവിടെ ഉൽപ്പാദിപ്പിക്കുന്ന തീറ്റ പത്ത് ശതമാനത്തിന് പോലും തികയുകയില്ല. സ്വകാര്യ കമ്പനികൾ ഉണ്ടാക്കുന്ന 90 ശതമാനം കാലിത്തീറ്റയും നിലവാരമില്ലാത്തതാണ്. പക്ഷേ അതിന് വേറൊരു ആൾട്ടർനേറ്റീവില്ല, ബദൽ സംവിധാനമില്ല, ഗവൺമെന്റിന് കഴിയുന്നില്ല. എന്നാൽ ഗവൺമെന്റ് മേഖലയിൽ കാലിത്തീറ്റയുടെ ഉല്പാദനം കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതിന് കാലിത്തീറ്റയുടെ അസംസ്കൃത സാധനം എന്നു പറയുന്നത് ഗോതമ്പാണ്. അതിന് ബദലായിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

അതോടൊപ്പംതന്നെ പരീക്ഷാ സമ്പ്രദായത്തെക്കുറിച്ച് ശ്രീ. സി. കെ. പി.പത്മനാഭൻ പറഞ്ഞു. തീർച്ചയായിട്ടും. പരീക്ഷ നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ സങ്കീർണ്ണമായ പ്രശ്നമായിക്കൊണ്ടിരിക്കുകയാണ്. പരീക്ഷാ പേപ്പർ, പരീക്ഷയുടെ കസ്റ്റ്യൻ, മാർക്കിടുന്ന രീതികൾ അതൊക്കെത്തന്നെ വളരെ വിവാദമാണ്. ഏത് ഗവൺമെന്റായാലും ഇക്കാര്യങ്ങളിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കാലമാണ്. അതുകൊണ്ട് ഈ രംഗത്ത് വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ പരീക്ഷാ സമ്പ്രദായത്തിൽ കാര്യക്ഷമമായ മാറ്റം വരുത്താൻ നമുക്ക് നിയമം കൊണ്ടുവരാം, നിയമം പാസ്സായി കഴിഞ്ഞാൽ. തീർച്ചയായിട്ടും ട്രാൻസ്ഫർ ചെയ്യാനുള്ള കാര്യങ്ങളെക്കുറിച്ചെല്ലാം ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. അതങ്ങനെ തന്നെ നടക്കുന്നതാണ്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം അത് ഈ സഭയിൽ നമ്മൾ എല്ലാവരും അനുഭവിക്കുന്നതാണ്. നമ്മൾ ഈ നാഷണൽ ഹൈവേ വഴി യാത്ര ചെയ്താൽ കാലത്ത് നാല് മണി അഞ്ച് മണിക്ക് കന്നുകാലികളെ വെട്ടി കെട്ടി തൂക്കിയിരിക്കുന്നത് കാണാം. ഒരു സംരക്ഷണവും അതിനകത്തില്ല. ആളുകൾ അതെല്ലാം വാങ്ങിക്കൊണ്ട് പോകുന്നുണ്ട്. മോഡേൺ അറവ് ശാലകൾ ഉണ്ടാക്കണമെന്ന്

ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കർശനമായി ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനാവശ്യമായ ഫണ്ട് വേണമെങ്കിൽ അവർ തരും. പലപ്പോഴും ഇതിന്റെ ചുമതല വഹിക്കുന്ന സുബോധ് കാന്ത്-മായി ഞാൻ സംസാരിച്ചിരുന്നു. കുത്താട്ടുകുളത്ത് എം.പി.ഐ. കോംപൗണ്ടിൽ ഏറ്റവും ആധുനികമായ ഒരു അറവുശാല തുടങ്ങുന്നതിനുള്ള ഒന്ന് രണ്ട് പ്രോജക്ടുകൾ ഞാനും ഗവൺമെന്റിനുവേണ്ടി കൊടുത്തിട്ടുണ്ട്. എന്നാൽ ഇത് നിയന്ത്രിക്കേണ്ടത് ലോക്കൽ സെൽഫ് ഗവൺമെന്റുകളാണ്. പല മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഇത് തുടങ്ങിയിട്ടുണ്ട്. അവരാണ് ഇതിന് ലൈസൻസ് കൊടുക്കുന്നത്. അതാത് പ്രദേശങ്ങളിൽ ലൈസൻസില്ലാതെ രോഗബാധിതമായ കന്നുകാലികളെ കശാപ്പ് ചെയ്ത് അതിന്റെ മാംസം വിൽക്കുന്ന നടപടി ക്രമങ്ങൾ ചെറുക്കേണ്ടത്, നിരോധിക്കേണ്ടത്, നടപടിയെടുക്കേണ്ടത് ലോക്കൽ സെൽഫ് ഗവൺമെന്റുകളാണ്.

ശ്രീ. എ. എം. യൂസഫ് : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ ശരിയാണ്. കന്നുകാലികളെ എവിടെനിന്ന് കൊണ്ടുവന്നാലും അതിനോട് യാതൊരു മര്യാദയും കാണിക്കാത്ത തരത്തിൽ ഒരു ലോറിക്ക് അകത്ത് തന്നെ എത്രയോ എണ്ണത്തിനെയാണ് കുത്തി നിറച്ച് കൊണ്ടുവരുന്നത്. അവയ്ക്ക് ഭക്ഷണവും വെള്ളവും കൊടുക്കുന്നില്ല. അവയെയാണ് ഇങ്ങനെ അറുത്ത് തൂക്കുന്നത്. ഒരു വാഹനത്തിനകത്ത് എത്രയെണ്ണം കൊണ്ടുവരാം എന്ന കാര്യത്തിൽ കൃത്യത വേണമെന്നത് സംബന്ധിച്ച് ഇതിന് മുമ്പും ഈ സഭയിൽ ഒരു സബ്മിഷൻ ഉന്നിയിച്ചിട്ടുള്ളതാണ്. ഞാൻ അത് പറയാനല്ല ഉദ്ദേശിക്കുന്നത്. അറുക്കാൻ കൊണ്ടുവരുന്ന ഈ മൃഗങ്ങളോട് വളരെ ക്രൂരമായിട്ടാണ് പെരുമാറുന്നത്. അത്കൂടി അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞതുപോലെ ഈ മൃഗങ്ങളുടെ മാംസം വില്പനയ്ക്കുവേണ്ടി എല്ലാ സ്ഥലത്തും പ്രാകൃതമായ രൂപത്തിൽ കെട്ടിത്തൂക്കി ഇട്ടിരിക്കുന്നു. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, കോർപ്പറേഷന്റേയും മുനിസിപ്പാലിറ്റിയുടേയും പഞ്ചായത്തിന്റേയുമൊന്നും ഡോക്ടർമാർ പരിശോധിക്കുന്നില്ല എന്നുള്ള കാര്യം ശരിതന്നെയാണ്. തിരുവനന്തപുരം കോർപ്പറേഷനുതന്നെ ഒരു അറവുശാലയുണ്ട്. അത് ഒരു മോഡേൺ രൂപത്തിലുള്ള അറവുശാല തന്നെയാണ്. അഞ്ചോ ആറോ മൃഗങ്ങളെ മാത്രമാണ് അവിടെ കൊണ്ടുവരുന്നത്. പക്ഷേ അങ്ങയുടെ ഉദ്യോഗസ്ഥരെ വച്ച് ഈ പറയുന്ന സ്ഥലങ്ങൾ മുഴുവൻ പരിശോധിച്ചാൽ എല്ലാത്തിലും സീൽ ഉണ്ടാകും. ഇറച്ചി കച്ചവടം നടത്തുന്ന നല്ലൊരു ശതമാനം ആൾക്കാരുടെ കയ്യിലും സ്വന്തമായി കോർപ്പറേഷന്റെ സീലുണ്ട്. അവർ വീട്ടിൽ വച്ചുതന്നെ ഈ തൊലി ഉരിച്ചശേഷം സീൽ കുത്തിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ സീൽ കുത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് ഒരു പങ്കുണ്ട്. അവിടെയാണ് നമ്മൾ പരിശോധന നടത്തേണ്ടത്.

ശ്രീ. സി. ദിവാകരൻ: ഉദ്യോഗസ്ഥരുടെ കാര്യം പരിശോധിക്കാം. പക്ഷേ വെറ്ററിനറി ഡോക്ടർമാരെ ഹെൽത്ത് ഇൻസ്പെക്ടർമാർ വിളിക്കേണ്ടതുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർമാർ വിളിച്ച് ഇത് സർട്ടിഫൈ ചെയ്യാൻ പറയണം.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇത് രണ്ടും നടക്കുന്നില്ല. അത് കുറച്ചുകൂടി കർശനമാക്കേണ്ടതുണ്ട്. അത് ശരിയാണ്. പിന്നെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം, തെരുവു നായ്ക്കളുടെ കാര്യമാണ്. അക്കാര്യത്തിൽ മന്ത്രി എന്നുള്ള നിലയിൽ ഞാൻ നിസ്സഹായനാണ്. എനിക്കും വെളിയിൽ ഇറങ്ങാൻ നിവൃത്തിയില്ലാത്ത രീതിയിലാണ് പട്ടികളുടെ ശല്യം അനുഭവപ്പെടുന്നത്. എന്റെ നാട്ടിലാണ് ഏറ്റവും കൂടുതൽ പട്ടികൾ ഉള്ളത്. അതിലൊക്കെ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഡൽഹി കേന്ദ്രീകരിച്ച് ഒരു സംഘടനയുണ്ട്. പട്ടികളെ തൊടാൻ പാടില്ല എന്ന് പറഞ്ഞ് വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ട്.

ശ്രീ. എം. എ. വാഹീദ്: നിയമസഭാമന്ദിരം സ്ഥിതിചെയ്യുന്ന വളപ്പിലും ഒരുപാട് പട്ടികൾ ഉണ്ട്. കുന്നുകുഴിയിലാണ് ഏറ്റവും കൂടുതൽ പട്ടികളുള്ളത്. എന്റെ വീട്ടിന്റെ നടയിൽ സ്റ്റാട്ടർ ഹൗസിന്റെ മുന്നിൽ നാൽപ്പതും അൻപതും എണ്ണം ഒരുമിച്ചാണ് വരുന്നത്.

ശ്രീ. സി. ദിവാകരൻ: ആനിമൽ ഹസ്ബന്ററി വകുപ്പും തിരുവനന്തപുരം നഗരസഭ മേയറായിരുന്ന ശ്രീ. ജയൻ ബാബുവും എല്ലാവരുംകൂടി ആലോചിച്ച് പട്ടിയെ പിടിക്കുവാൻ കുറേ വോളന്റിയേഴ്സിനെ വിട്ടുകൊടുത്തു. അവർ പട്ടിയെ പിടിച്ചുവന്നപ്പോൾ കോർപ്പറേഷന്റെ പേരിൽ സിവിൽ ആയും ക്രിമിനൽ ആയും നടപടിയെടുക്കും എന്ന് ഡൽഹിയിൽനിന്ന് കോർപ്പറേഷന് ഒരു നോട്ടീസ് വന്നു. ആയതിനാൽ ജീവജാലങ്ങളെയൊന്നും പിടിക്കാനോ കൊല്ലാനോ പാടില്ല. അതിനുശേഷം അവർ പതുക്കെ അതിൽനിന്ന് വലിഞ്ഞു. കോർപ്പറേഷൻ മിണ്ടില്ല. ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെങ്കിലും ഒരു വഴി കണ്ടുപിടിക്കണം. അത് കണ്ടെത്താനുള്ള അഭിപ്രായത്തോട് എനിക്ക് യോജിപ്പാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, അങ്ങ് ഇങ്ങനെ പറയുന്നതിൽ എനിക്ക് അല്പം ദുഃഖമുണ്ട്. ഈ റോഡിൽക്കൂടി നടക്കുന്ന പട്ടികൾപോലും, മനുഷ്യരേക്കാളൊക്കെ എത്രയോ മാന്യതയുള്ള ജീവികളാണ്. കേരളം വിടാം, നമ്മുടെ ഈ രാജ്യത്ത് ഒരു വർഷം എത്ര കൊല നടക്കുന്നുണ്ട്. സർ, ഇന്ത്യയിൽ ഈ തെരുവിൽക്കൂടി നടക്കുന്ന പട്ടികൾ കടിച്ച് എത്രപേരാണ് മരിക്കുന്നത്? സോറി സർ ഞാൻ എന്റെ പേഴ്സണൽ സ്റ്റോറിയാണ് പറയുന്നത്. കഴിഞ്ഞ ദിവസം എന്റെ ഭാര്യ ഒരു പോമറേനിയൻ പട്ടിയെ വീട്ടിൽ കൊണ്ടു വന്നു. കണ്ണ് രണ്ടും ഇല്ലാത്ത ഒരു പട്ടി. രണ്ട് വയസ്സുള്ള പോമറേനിയൻ, അവിടെ താമസം മാറിയ ആരോ ഇറക്കിവിട്ടതാണ്. രണ്ട് വർഷം കഴിഞ്ഞപ്പോൾ അവർക്ക് വേണ്ട. അത് വിശന്ന് ഏതോ വീട്ടിൽ കയറി ചെന്നപ്പോൾ അവർ ഈ പട്ടിയുടെ മുഖത്തേയ്ക്ക് ചൂടുവെള്ളം ഒഴിച്ചു, പട്ടിയുടെ രണ്ട് കണ്ണും പോയി. അതിന്റെ തൊലി മുഴുവൻ പോയി. റോഡിൽ കിടന്ന ഈ പട്ടിയെ എന്റെ ഭാര്യ വീട്ടിൽ കൊണ്ടു വന്നു. ഇപ്പോൾ ചികിത്സിക്കുവാൻ 20,000 രൂപയായി. എറണാകുളത്ത് അങ്ങയുടെ ഡിസ്ട്രിക്ട് ഹോസ്പിറ്റലിൽ ചെന്നപ്പോൾ അവർ പറഞ്ഞു, സോറി ഇങ്ങനെയുള്ളതിനെ ഇവിടെ ചികിത്സിക്കുവാൻ പറ്റുകയില്ല എന്ന്. പനമ്പള്ളി നഗറിലുള്ള സാറിന്റെ ഡിപ്പാർട്ടുമെന്റിൽനിന്ന് ലീവെടുത്തു പോയ നല്ല ഒരു ഡോക്ടറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ ഡോക്ടർ ചികിത്സിപ്പിച്ച് ശരിയാക്കി. കണ്ണിന് ഇത്തിരി കാഴ്ച വരുന്നുണ്ട്. ഞാൻ ചോദിച്ചുകൊള്ളട്ടെ, ഇങ്ങനെ ക്രൂരത കാണിക്കുന്നത് മനുഷ്യരാണോ അതോ തെരുവിൽക്കൂടി വെറുതേ ജീവിക്കുവാൻ പറ്റാത്ത ഈ നായ്ക്കളാണോ? മനുഷ്യൻ ലോകത്തോടും ബാക്കി ജീവജാലങ്ങളോടും കാണിക്കേണ്ടത് കരുണയാണ്. The ability to treat the world and other creatures with dignity. അതുകൊണ്ട് നമ്മൾ ഈ ചിന്തയ്ക്ക് അപ്പുറത്തു നിന്ന് ചിന്തിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എനിക്ക് രണ്ടു കാര്യമാണ് പറയാനുള്ളത്. ഒന്ന്, മാംസാഹാരം കഴിക്കുന്ന ആളുകളുള്ളിടത്തോളം മൃഗങ്ങളെ കൊല്ലുന്നതും അറുക്കുന്നതുമൊന്നും നിരോധിക്കുവാൻ പറ്റുകയില്ല. പക്ഷേ നേരത്തേ പലരും ചൂണ്ടിക്കാണിച്ചതുപോലെ എല്ലാവിധത്തിലുമുള്ള ആളുകളുണ്ട്. മാംസാഹാരം ഭക്ഷിക്കാത്തവരും ഇതിനെതിരായി നിൽക്കുന്നവരുമൊക്കെയുണ്ട്. അവർക്കൊക്കെ വല്ലാതെ മനഃപ്രയാസമുണ്ടാക്കുന്ന രീതിയിൽ പരസ്യമായി അറവുശാലകളിൽ മൃഗങ്ങളെ മോശമായി പ്രദർശിപ്പിക്കുന്നതും അതുപോലെ പൊതുവായി മൃഗങ്ങളോടു കാണിക്കുന്ന ക്രൂരതയും ഒഴിവാക്കുവാൻ സാധിക്കണം. പക്ഷേ അത് ശാസ്ത്രീയമായി, ബില്ലിൽക്കൂടി ഇങ്ങനെ പൊതുവായി പറഞ്ഞാൽ മാത്രം പോരാ, പ്രായോഗികമായിട്ടുള്ള ചില കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ട്. ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞതിന് എതിരായി ആദ്യം പറയേണ്ടി വരും. പട്ടികളെയെല്ലാം കാണുന്നിടത്തുവച്ച് ഉപദ്രവിക്കണമെന്നുള്ളതല്ല, പക്ഷേ വളരെ രൂക്ഷമായി കുഞ്ഞുങ്ങളെയൊക്കെ കടിച്ചു പറിക്കുന്നവിധത്തിൽ പേപ്പട്ടി ശല്യമൊക്കെ ഉണ്ടാകുന്നുണ്ട്. പേപ്പട്ടി ശല്യം ഒഴിവാക്കുവാൻ, അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളുടെ എണ്ണം കുറയ്ക്കുന്നത് വളരെ അത്യാവശ്യമായി വരും. ഞാൻ നേരത്തേ പറഞ്ഞതുപോലെ, പന്നിയുടെ എണ്ണവുമൊക്കെ കുറയ്ക്കേണ്ടത് ആവശ്യമായി വരും. അതിന് നമ്മുടെ നിയമസഭയ്ക്കുതന്നെ എന്തുകൊണ്ട് ഒരു നിയമം പാസ്സാക്കിക്കൂടാ? അതിനനുസരിച്ച് ഒരു തീരുമാനമെടുത്തുകൂടാ എന്നുള്ളതാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഇപ്പോൾ പന്നിയെ കൊല്ലാൻ ഹിമാചൽ പ്രദേശിലും കർണ്ണാടകയിലുമൊക്കെ നിയമസഭ അനുവാദം കൊടുത്തതായി പറയുന്നു. പക്ഷേ നമ്മുടേത് കേന്ദ്ര ആക്ട് ആണ്. മേനകാഗാന്ധിയുടെ സൊസൈറ്റിയുടെ ഭീഷണിയുണ്ട്, അത് ശരിയുമാണ്. നമുക്ക് എന്താണ് ചെയ്യാൻ കഴിയുക എന്നുള്ളത് അങ്ങ്തന്നെ നേതൃത്വപരമായി ആലോചിച്ച് ചെയ്തേ മതിയാകൂ.

ശ്രീ. സി. ദിവാകരൻ: രണ്ട് ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞ കാര്യം ശരിയാണ്. പ്രിയപ്പെട്ട കണ്ണന്താനം പറഞ്ഞതുപോലെ ഞാനും അങ്ങയെപ്പോലെ ജീവകാരുണ്യം ഉള്ള ആളാണെന്ന് അങ്ങേക്ക് നേരത്തേതന്നെ അറിയാമല്ലോ. അതുകൊണ്ട് എനിക്ക് ക്രൂരമായ ചിന്തയൊന്നുമില്ല. പിന്നെ ടീച്ചർ പറഞ്ഞ കാര്യം സംബന്ധിച്ച് യൂണിവേഴ്സിറ്റി ബില്ലിനുശേഷം നമുക്ക് സമഗ്രമായി ആലോചിക്കാം. അതിന് സമയമുണ്ട്. അതുപോലെ മാംസോല്പാദനവും പാലുല്പാദനവും വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട

അംഗങ്ങളെല്ലാം ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. അതൊക്കെ വളരെ ന്യായമായ കാര്യങ്ങളാണ്. ഈ രംഗത്തെല്ലാം നമ്മൾ കുറച്ച് മുമ്പോട്ട് പോയിട്ടുണ്ട്. പാലിന്റെ ഉല്പാദനം ഇപ്പോൾ പ്രതിദിനം മൂന്നു ലക്ഷം ലിറ്റർ വർദ്ധിച്ചു എന്നാണ് ഇവിടെ സൂചിപ്പിച്ചത്. മൂന്നല്ല, ഇരുപത് ലക്ഷം ലിറ്റർ ആയിരുന്നത്, 2001-ൽ നിന്ന് 2019-ൽ എത്തുമ്പോൾ 24 ലക്ഷം കവിഞ്ഞിരിക്കുകയാണ്. എന്നാലും പാലിന്റെ ഇറക്കുമതി ഇപ്പോഴും തുടരുകയാണ്. അതുപോലെ കുത്തിവയ്പ് ഫലപ്രദമാകുന്നില്ല എന്ന സി. കെ. പി. യുടെ ഒരു പ്രസ്താവനയോട് പൂർണ്ണമായി എനിക്ക് യോജിക്കുവാൻ കഴിയുന്നില്ല. കാരണം, കേരളത്തിലെ കെ.എൽ.ഡി. ബോർഡിന്റെ സെമൻ ബാങ്കിനെ ഇന്ത്യയിലെ നമ്പർ വൺ ബാങ്കായി അവർ അംഗീകരിക്കുകയും മറ്റുപല സംസ്ഥാനങ്ങളിലേക്കും ഇവിടെ സംഭരിച്ചുവയ്ക്കുന്ന സെമൺ കയറ്റി അയയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ശരാശരി ദേശീയ നിലവാരത്തേക്കാൾ മുകളിലാണ്. ഇനിയും അതിൽ കുറച്ചുകൂടി മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. തീർച്ചയായും ഈ ചർച്ചകളുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങളെയെല്ലാം ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബില്ലിനകത്തുള്ള ഉള്ളടക്കത്തെ മിക്കവാറും എല്ലാവരും സ്വാഗതം ചെയ്തിട്ടുണ്ട്. നല്ല ഒരു തുടക്കമാണ്. തുടക്കത്തിൽത്തന്നെ ചില സംശയങ്ങളും സ്വാഭാവികമാണ്. അതെല്ലാം പരിഹരിച്ചുകൊണ്ട് കേരളത്തിന്റെ ഗ്രാമങ്ങളിൽ ക്ഷീര കർഷകരുടെയും മറ്റ് കൃഷിക്കാരുടെയും ഇടയിൽ വലിയ ഒരു മാറ്റം വരുത്താൻ കഴിയുന്ന ശാസ്ത്രീയമായ ഒരു പ്രകാശ ഗോപുരമായി ഈ യൂണിവേഴ്സിറ്റി നിലവിൽ വരാൻ പോകുകയാണെന്നുള്ള പ്രത്യാശയോടുകൂടി ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി. കെ. പി. പത്മനാഭൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. പി. പത്മനാഭൻ: പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. പി. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാലാ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ഞാൻ 108-ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ 109, ശ്രീ. എൻ. ശക്തന്റെ 114, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 117 എന്നീ നമ്പർ ഭേദഗതികളും ഒഫീഷ്യൽ ഭേദഗതികളായി അവതരിപ്പിക്കുന്നു.

(108) In sub-clause (d) of clause 2, for the words "Technology of " the words "Technology or " shall be substituted.

(109) In clause 2(d) for the words "there biology and welfare ", substitute the words " their biology and welfare".

(114) In clause 2(h) after the words "conducted by the University or" add the words "other Institutions".

(117) In clause 2(p) for the word "article" substitute the word " Article".

Shri. K.C. Joseph: Sir, I move the following amendments.

(113) In clause 2(h) substitute the word "conducted" with the words "owned and managed".

(115) In clause 2(i) the word "maintained" shall be substituted with the word " owned".

Shri. M. A. Vaheed: Sir, I move the following amendment.

(121) Clause 2(w) shall be recast as follows:

"(w) "Vice-Chancellor" means the Vice-Chancellor of the University constituted under section 12 of this Act".

LIBRARY ARCHIVES Kerala Legislative Assembly

